www.karmasakthi.com
# കർമശക്തി
സമ്പൂർണ ജനകീയ ദിനപത്രം
തിരുവനന്തപുരം • 2021 ഡിസംബർ 20 തിങ്കൾ | E-mail: karmasakthidaily@gmail.com | Ph:0471-4063111, 9061525391 | പേജ്: 8 | വില: 5 രൂപ

സക്സസ് കേരള
THE COMPLETE BUSINESS MAGAZINE
വായിക്കൂ...
വരിക്കാരാവൂ...!!!

### ആലപ്പുഴയിൽ കൊലപാതക പരമ്പര

# ബിജെപി നേതാവിനെയും വെട്ടിക്കൊന്നു

## ആർഎസ്എസ്, എസ്ഡിപിഐ പ്രവർത്തകരടക്കം 50 പേർ കസ്റ്റഡിയിൽ


ആലപ്പുഴ: എസ്ഡിപിഐ നേതാവിന്റെ കൊലപാതകത്തിന് പിന്നാലെ ആലപ്പുഴയിൽ ബിജെപി നേതാവിനെയും വെട്ടിക്കൊലപ്പെടുത്തി. ഒബിസി മോർച്ച സംസ്ഥാന സെക്രട്ടറി രഞ്ജിത് ശ്രീനിവാസനാണ് കൊല്ലപ്പെട്ടത്.

ആലപ്പുഴ നഗരപരിധിക്ക് സമീപമാണ് രാവിലെ പ്രഭാത സവാരിക്കിടെ രഞ്ജിത്തിനെ ഒരു സംഘം വെട്ടിക്കൊലപ്പെടുത്തിയത്. രാഷ്ട്രീയ വൈര്യമാണ് ഈ കൊലയ്ക്കു പിന്നിലെന്നാണ് പോലീസ് നൽകുന്ന വിവരം.

നാടിനെ നടുക്കിയ രാഷ്ട്രീയ പ്രേരിത കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് 50 പേരെ കസ്റ്റഡിയിലെടുത്തതായി ഐജി ഹർഷിത അട്ടല്ലൂരി.ഇതിൽ ആർഎസ്എസ് പ്രവർത്തകരും എസ്ഡിപിഐ പ്രവർത്തകരും ഉൾപെടുന്നതായി ഐജി അറിയിച്ചു. ഇവരുടെ അറസ്റ്റ് ഉടൻ രേഖപ്പെടുത്തുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

വെള്ളിയാഴ്ച രാത്രി ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന എസ്ഡിപിഐ നേതാവിനെയും ഇന്നലെ പുലർച്ചെ സവാരിക്കിറങ്ങിയ ആർഎസ്എസ് നേതാവിനെയുമാണ് അക്രമി സംഘം വെട്ടിക്കൊന്നത്.

പ്രദേശത്ത് അക്രമം ആവർത്തിക്കുകയാണെങ്കിൽ കർശന നടപടിയെടുക്കുമെന്നും




പൊലീസിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടില്ലെന്നും ഹർഷിത അറിയിച്ചു. കനത്ത ജാഗ്രതയാണ് ഇക്കാര്യത്തിൽ പുലർത്തുന്നതെന്നും ഹർഷിത മാധ്യമങ്ങളോട് പറഞ്ഞു.

'കേസുമായി ബന്ധപ്പെട്ട് അന്വേഷണം പുരോഗമിക്കുകയാണ്. ഇരുകൊലപാതകങ്ങളുമായി ബന്ധമുണ്ടോ എന്നത് അന്വേഷിക്കുകയാണ്. പ്രത്യേക സംഘമാണ് കേസ് അന്വേഷണം നടത്തുന്നത്. ക്രമസമാധാന ചുമതല നോക്കുന്നത് മറ്റൊരു സംഘം ആണ്'- ഹർഷിത അട്ടല്ലൂരി വ്യക്തമാക്കി.

## ഒമിക്രോൺ വ്യാപന തോത് വർധിക്കുന്നു: കേരളത്തിന് മുന്നറിയിപ്പുമായി കേന്ദ്രം

തിരുവനന്തപുരം: ലോകമെമ്പാടും ഒമിക്രോൺ ബാധിതരുടെ എണ്ണം ഉയർന്നു വരുന്ന സാഹചര്യത്തിൽ അടിസ്ഥാനമാക്കി ആരോഗ്യമേഖല കൂടുതൽ ജാഗരൂകത കൈവരിക്കണമെന്ന് മുന്നറിയിപ്പുമായി കേന്ദ്രസംഘം. കേരളത്തിലെ വിവിധ ജില്ലകളിൽ സന്ദർശനം നടത്തിയ ശേഷമായിരുന്നു സംഘാംഗങ്ങൾ ഈ നിർദ്ദേശം മുന്നോട്ടുവച്ചത്.

അസുഖം ബാധിച്ചവർക്കും വാക്സിൻ എടുത്ത വർക്കും രോഗം ബാധിക്കുന്ന അതിന്റെ അടിസ്ഥാനത്തിലാണ് ഈ നിഗമനത്തിൽ എത്തിയിരിക്കുന്നത്. കോവിഡ ഒന്നാം തരംഗത്തിൽ നാം കാണിച്ച ജാഗ്രത കൈവരിക്കണം എന്നാണ് കേന്ദ്ര സംഘത്തിന്റെ നിർദ്ദേശം.

എല്ലാ ജില്ലകളിലെയും ടിപിആർ അഞ്ച് ശതമാനത്തിൽ താഴെ എത്തിക്കണം. ഇപ്പോഴും പല ജില്ലകളിലേയും പഞ്ചായത്തുകളിൽ ഉയർന്ന ടി പി ആർ നിരക്ക് നിലവിലുണ്ട്. കോഴിക്കോട് ജില്ല സന്ദർശിച്ചപ്പോൾ പല പഞ്ചായത്തുകളും 50% വരെ ടി പി ആർ നിരക്ക് ഉള്ളതായി കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ഇതെല്ലാം വിലയിരുത്തിക്കൊണ്ടാണ് കേന്ദ്ര സംഘത്തിന്റെ തീരുമാനം.

വാക്സിൻ ലഭ്യത കുറവ് പരിഹരിക്കണമെന്നും കൂടാതെ പരിശോധനയിലും ചികിത്സ സൗകര്യത്തിലും മുൻപ് സ്വീകരിച്ച അതേ നയം തുടരണമെന്നും കേന്ദ്ര സംഘം അറിയിച്ചു. ഇപ്പോൾ പ്രതിദിനം ശരാശരി 60000 പരിശോധനകളാണ് നടത്തുന്നത്. ഇത് വർദ്ധിപ്പിച്ചു പരമാവധി കോവിഡ് ബാധിതരുടെ കണ്ടെത്തിയാലേ വ്യാപനം നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ സംസ്ഥാനത്തെ സാഹചര്യത്തിൽ ഇവ വെട്ടിക്കുറച്ചതായി സംഘം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

മാസ്ക് ഉപയോഗിക്കുന്നത് കർശനമാക്കണം എന്നും ഹോട്ടലുകളിലും മറ്റു സ്ഥലങ്ങളിലും ഇവ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് വിലയിരുത്തണമെന്നും സംഘം സൂചിപ്പിച്ചു.

നിലവിലെ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിൽ രണ്ടാം ഡോസ് വാക്സിൻ എടുക്കാൻ ഉള്ളതു രണ്ട് ലക്ഷം പേരോളമാണ്. ചില വീഴ്ചകൾ എല്ലാം പരിഹരിച്ച് മുൻപ് പിന്തുടർന്ന് അതേ ജാഗ്രത ഗവൺമെന്റും ജനങ്ങളും സ്വീകരിക്കണമെന്നും കേന്ദ്ര സംഘം കൂട്ടിച്ചേർത്തു.

നിലവിൽ പതിനൊന്നോളം ഓമിക്രോൺ കേസുകൾ കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

# സ്ത്രീകളുടെ വിവാഹ പ്രായം ഉയർത്തൽ: ബിൽ ഇന്ന് പാർലമെന്റിൽ

ന്യൂഡൽഹി : രാജ്യത്ത് സ്ത്രീകളുടെ വിവാഹപ്രായം 21 വയസ്സായി ഉയർത്താനുള്ള ബില്ല് ഇന്ന് കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിക്കും. നിലവിൽ ബിൽ അവതരണത്തോട് പ്രതിപക്ഷ പാർട്ടികൾ അതൃപ്തി അറിയിച്ചിട്ടുണ്ട്. ബിജെപി സർക്കാരിന്റെ ഗൂഢനീക്കം ആണെന്നാണ് ആരോപണം.

ബില്ലിനെ എതിർക്കുന്ന കാര്യത്തിൽ കോൺഗ്രസിന്റെ ഭാഗത്ത് ഭിന്നത നിലനിൽക്കുന്നുണ്ടെങ്കിലും ബിൽ അജണ്ടയിൽ വന്ന ശേഷം എതിർക്കും എന്നാണ് എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാലിന്റെ നിലപാട്. ഈ തീരുമാനത്തോട് കോൺഗ്രസിനെ പോലെ സിപിഎമ്മും അതൃപ്തി അറിയിച്ചിട്ടുണ്ട്.

എന്നാൽ സ്ത്രീകളുടെ വിവാഹപ്രായം 21 വയസ്സായി ഉയർത്താനുള്ള തീരുമാനത്തെ മുൻ കേന്ദ്രമന്ത്രി പി ചിദംബരം ഉൾപ്പെടെയുള്ള നിരവധി പേർ സ്വാഗതം ചെയ്യുന്നുണ്ട്. എന്നാൽ ഇതിനെപ്പറ്റി ജനങ്ങൾക്ക് നല്ല രീതിയിൽ ബോധവൽക്കരണം നൽകണമെന്നും അതിനുശേഷം ഈ തീരുമാനം നടപ്പിലാക്കണമെന്നുമാണ് പി ചിദംബരം വ്യക്തമാക്കിയത്.

ഈ ബില്ലിനെതിരെ ഇതിനോടകം തന്നെ സിപിഎം, സിപിഐ, എസ്പി, എഐഎംഐഎം തുടങ്ങിയ പാർട്ടികൾ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. തൃണമൂൽ കോൺഗ്രസ് ഇതുവരെയും നിലപാട് വ്യക്തമാക്കിയിട്ടില്ല. പുതിയ നിയമം കൊണ്ടുവരുന്നതിനെ ഉദ്ദേശശുദ്ധി വ്യക്തമാക്കണമെന്ന് സിപിഐ എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ആവശ്യപ്പെട്ടിട്ടുണ്ട്. 18 വയസ്സ് പൂർത്തിയായ വ്യക്തിക്ക് ഇഷ്ടമുള്ള ആൾക്ക് ഒപ്പം ജീവിക്കാം എന്നത് ഭരണഘടന ഉറപ്പു നൽകുന്നുണ്ടെന്നും ഈ വിഷയത്തിൽ കേന്ദ്രത്തിന് നിലപാട് വ്യക്തമായി അറിഞ്ഞശേഷം എതിർക്കുന്ന കാര്യം പരിഗണിക്കുമെന്നും യെച്ചൂരി വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ സ്ത്രീകൾക്ക് പതിനെട്ടും പുരുഷന്മാർക്ക് ഇരുപതിയൊന്നുമാണ് നിയമപരമായി വിവാഹം ചെയ്യാൻ ആവശ്യമായ പ്രായം. എന്നാൽ നിയമപരമായി വിവാഹം ചെയ്യാനുള്ള സ്ത്രീകളുടെയും പുരുഷൻമാരുടെയും കുറഞ്ഞ പ്രായം 21 വയസ്സ് ആയി ഉയർത്താനാണ് കേന്ദ്രസർക്കാർ ഈ ബില്ലിലൂടെ ലക്ഷ്യമിടുന്നത്. ഈ ബിൽ കഴിഞ്ഞദിവസം കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയിരുന്നു.

## രാഷ്ട്രീയ കൊലപാതകങ്ങളിൽ തനിക്ക് ദുഃഖവും നാണക്കേടും തോന്നുന്നതായി ഗവർണർ



ആലപ്പുഴ: ആലപ്പുഴ ജില്ലയിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ കടുത്ത അതൃപ്തി പ്രകടിപ്പിച്ച് ഗവർണർ. ഇക്കാര്യത്തിൽ തനിക്ക് അതിയായ ദുഃഖവും നാണക്കേടും തോന്നുന്നതായി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ വ്യക്തമാക്കി.

നിയമം ആരും കയ്യിൽ എടുക്കരുത് എന്നാണ് തൻറെ ആഗ്രഹമെന്നും രാഷ്ട്രീയ കാരണങ്ങൾ കൊണ്ട് ഒരു മരണം പോലും നടക്കരുതെന്നും അദ്ദേഹം പറഞ്ഞു.രാജ്യത്തെ നീതി ന്യായ വ്യവസ്ഥയിൽ വിശ്വാസം പുലർത്തണം. സംഭവത്തെ കുറിച്ചുള്ള വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുമെന്നും ഗവർണർ വ്യക്തമാക്കി.

## താരസംഘടനാ സാരഥികളെ തിരഞ്ഞെടുത്തു; മണിയൻപിള്ള രാജു ശ്വേതാ മേനോൻ എന്നിവർ വൈസ് പ്രസിഡന്റുമാർ

### പ്രസിഡന്റായി മോഹൻലാലും ജനറൽ സെക്രട്ടറിയായി ഇടവേള ബാബു എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു

കൊച്ചി: മലയാള ചലച്ചിത്ര സംഘടനയായ അമ്മയിൽ പുതിയ ഭാരവാഹികൾ ക്കായുള്ള തിരഞ്ഞെടുപ്പ് നടന്നു. സംഘടനയുടെ പ്രസിഡണ്ട് ആയി മോഹൻലാലും ജനറൽ സെക്രട്ടറിയായി ഇടവേള ബാബു എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. കൊച്ചിയിൽ നടന്ന വാർഷിക ജനറൽ ബോഡി യോഗത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. സംഘടനയുടെ വൈസ് പ്രസിഡണ്ട് മാരായി മണിയൻ പിള്ള രാജുവും ശ്വേതാമേനോനും തെരഞ്ഞെടുക്കപ്പെട്ടു.

രണ്ട് വൈസ് പ്രസിഡണ്ട് മാരെയും 11 എക്സിക്യൂട്ടീവ് അംഗങ്ങളെയും തിരഞ്ഞെടുത്തു.

ശ്വേതാ മേനോനും ആശാ ശബ്ദമാണ് ഔദ്യോഗിക പാനലിന് ഭാഗമായി വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിച്ചത്. മണിയൻപിള്ള രാജു സ്വതന്ത്ര സ്ഥാനാർത്ഥിയായി ട്ടാണ് മത്സരിച്ചത്.

11 എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ ബാബു രാജ്, ലാൽ, ലെന, മഞ്ജുപിള്ള, രചന നാരായണൻ കുട്ടി, സുധീർ കരമന, സുരഭി ലക്ഷ്മി, ടൊവിനോ തോമസ്, ഉണ്ണി മുകുന്ദൻ, വിജയ് ബാബു എന്നിവരാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് ഇവരോടൊപ്പം മത്സരിച്ച നിവിൻപോളിയും ഹണിറോസും പരാജയപ്പെട്ടു.

സംഘടനയുടെ ട്രഷറർ സിദ്ധിക്കും ജോയിൻ സെക്രട്ടറി ജയസൂര്യയും ആണ്. വൈസ് പ്രസിഡന്റ് ഉൾപ്പെടെ അഞ്ച് വനിതകളാണ് ഇത്തവണ തെരഞ്ഞെടുക്കപ്പെട്ടത്.






# ശശി നടുക്കാടിന് പുരസ്കാരം



ശശി നടുക്കാട് (ഡയറക്ടർ)

## സിനിമയുടെ പിന്നിലെ 'മറ്റ് ശക്തികൾ'



ഡി ഗോപകുമാർ (പ്രൊഡ്യൂസർ)



ബിനു മാധവൻ (ക്യാമറാമാൻ)



സുകു മരുതത്തൂർ (ഗാനരചന)



ഈണം വിജയൻ (സംഗീതം)




സൈമൺ നെയ്യാറ്റിൻകര (മേക്കപ്പ് മാൻ)

പ്രശസ്ത സിനിമാ സംവിധായകൻ ശശി നടുക്കാടിന് പുരസ്കാരം. പഴയകാല ചലച്ചിത്രനടി പി.കെ റോസിയുടെ ജീവിത കഥയെ ആസ്പദമാക്കി അണിയിച്ചൊരുക്കിയ 'പി.കെ റോസി'യെന്ന സിനിമയ്ക്ക് ഡോ. അംബേദ്കർ നാഷണൽ എസ്സ് സി, എസ് ടി ഫെഡറേഷൻ അവാർഡ് ലഭിച്ചത്.

തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പു മന്ത്രി ജി.ആർ. അനിൽ പുരസ്കാരം സമ്മാനിച്ചു. പ്രസ്തുത സിനിമയുടെ നിർമാതാവ് ഡി ഗോപകുമാറിനും മറ്റു അണിയറ പ്രവർത്തകർക്കും മന്ത്രി അവാർഡുകൾ സമ്മാനിച്ചു. യോഗത്തിൽ അംബേദ്കർ പാർലമെന്റ് നഷണൽ വർക്കിംഗ് ചെയർമാൻ കെ. രാമൻകുട്ടി അധ്യക്ഷത വഹിച്ചു. പ്രൊഫ: ജോർജ് ഓണക്കൂർ മുഖ്യപ്രഭാഷണം നടത്തുകയും കെ.രാകേഷ്, NDR തുടങ്ങിയവർ ആശംസകളും അർപ്പിച്ചു.

# ഓൺലൈൻ ഗെയിമിങ്ങിന്റെ ഇരുണ്ട വശങ്ങൾ; ശ്രദ്ധേയമായി അഖിൽ വിജയന്റെ 'ഗെയിമർ'






ഗെയിമിങ്ങ് ആസക്തിയുടെ മാനസിക വശങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്ന 'ഗെയിമർ' എന്ന ഡോക്ക്യുമെന്ററി ശ്രദ്ധ നേടുന്നു. നെടുമങ്ങാട് സ്വദേശിയായ അഖിൽ വിജയനാണ് ചിത്രത്തിന്റെ സംവിധായകൻ. അവതരണത്തിലും ആശയത്തിലും പുതുമകൾ നിറഞ്ഞ 'ഗെയിമർ' പതിമൂന്നാമത് രാജ്യാന്തര ഹ്യസ്വ ചലച്ചിത്ര മേളയിൽ മികച്ച പ്രേക്ഷക പ്രതികരണം കരസ്ഥമാക്കിയിരിക്കുന്നു.

പതിവു ശൈലികളിൽ നിന്ന് വേറിട്ട്, കോൺഫ്ലിക്ട് എന്ന ആശയത്തെ മുൻനിർത്തിയാണ് ഗെയിമർ അവതരിപ്പിച്ചിരിക്കുന്നത്. പരിമിതികൾക്കുള്ളിൽ നിന്ന് കൊണ്ട് ലൈറ്റിങ്ങിലും എഡിറ്റിങ്ങിലും പുതിയ പരീക്ഷണങ്ങൾ നടത്തിയെന്നതും ഗെയിമറിന്റെ സവിശേഷതയാണ്.

പഠനത്തിന്റെ ഭാഗമായാണ് 'ഗെയിമർ' നിർമ്മിച്ചത്. ഡോക്ക്യുമെന്ററിയുടെ ഭാഷയിൽ പുതുമയുണ്ടാകണമെന്ന നിർബന്ധബുദ്ധിയിൽ നിന്നുമാണ് എഡിറ്റിങ്ങിലും വിഷയത്തിന്റെ അവതരണത്തിലും പരീക്ഷണം നടത്താനുള്ള ആർജ്ജവമുണ്ടായത്. എഡിറ്റിങ്ങ് നിർണായകമായതിനാൽ, പിജി കാലത്ത് സീനിയറായിരുന്ന അമൽദേവിനെ തന്നെ ദൗത്യം ഏൽപ്പിക്കുകയായിരുന്നു. അദ്ദേഹം അത് ഭംഗിയായി നിർവഹിക്കുകയും ചെയ്തു. ഗെയിമറിന്റെ സംവിധായകനായ അഖിൽ വിജയൻ പറഞ്ഞു.

വിഷ്ണു ആറുമായി ചേർന്ന് ചിത്രത്തിന്റെ ഛായാഗ്രഹണവും നിർവച്ചിരിക്കുന്നത് അദ്ദേഹമാണ്. ഐഡിഎസ്എഫ്എഫ്കെ പോലൊരു വേദിയിൽ ചിത്രം പ്രദർശിപ്പിക്കാനുള്ള അവസരം ലഭിച്ചതിലെ സന്തോഷവും അദ്ദഹം പങ്കുവെച്ചു.

പൂർണ്ണമായും ചിട്ടപ്പെടുത്തിയ ഒരു തിരക്കഥയോ, പതിവ് ഡോക്ക്യൂമെന്ററി ശൈലിയിലുള്ള ആഖ്യാതാവിന്റെയോ ഇടപെടലില്ലാതെ, കഥാപാത്രങ്ങൾ തന്നെ പരസ്പരം ഗെയിമിങ്ങിന്റെ വിവിധ തലങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്ന രീതിയിലാണ് ഗെയിമർ ഒരുക്കിയിരിക്കുന്നത്. ലൈറ്റിങ്ങിന്റെയും എഡിറ്റിങ്ങിന്റെയും സഹായത്തോടെ, ഫിക്ഷൻ കൂടി ഉൾപ്പെടുത്തി, പ്രേക്ഷകരെ പിടിച്ചിരുത്തുന്ന തരത്തിലാണ് ഡോക്ക്യുമെന്ററിയുടെ ആഖ്യാനം. തിരക്കഥ സംയോജനം: സലിൻ രാജ് പി ആർ, ആശയം: കിരൺ എസ് കുറുപ്പ്, സബ് ടൈറ്റിൽസ്: പാർവ്വതി എസ്, പ്രൊഡക്ഷൻ അസിസ്റ്റന്റ്: രാകേന്ദു എസ് ആർ എന്നിവരാണ് മറ്റ് അണിയറ പ്രവർത്തകർ.

ഇരുപ്പത്തിനാലു കാരനായ അഖിൽ വിജയന്റെ മൂന്നാമത്തെ സംവിധാന സംരംഭമാണ് ഗെയിമർ. ദി ഡെയ്, ദി ഡിസ്റ്റൻസ് എന്നീ ഹ്യസ്വ ചിത്രങ്ങളാണ് അഖിൽ നേരത്തെ സംവിധാനം ചെയ്തിട്ടുള്ളത്. ലോക്ക്ഡൗൺ കാലത്ത് തിരക്കഥയെഴുതി ചിത്രീകരിച്ച, ഡി ഡെയ് എന്ന ചിത്രത്തിന് ട്രാവൻകോർ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച ലോക്കഡൌൺ ചിത്രത്തിനുള്ള പുരസ്കാരവും, ധാക്ക രാജ്യാന്തര ചലച്ചിത്രോത്സവത്തിൽ മത്സരവിഭാഗത്തിലേക്ക് തിരഞ്ഞെടുക്കപെടുകയും ചെയ്തു.

കൂടാതെ അഖിലിന്റെ ആദ്യ ചിത്രമായ ദി ഡിസ്റ്റൻസിന്, പബ്ലിക്ക് റിലേഷൻസ് സൊസൈറ്റി ഓഫ് ഇന്ത്യ നടത്തിയ ദേശീയ ചലച്ചിത്ര മത്സരത്തിൽ മികച്ച മൂന്നാമത്തെ ചിത്രത്തിനുള്ള പുരസ്കാരവും കരസ്ഥമാക്കി. ഇരു ചിത്രങ്ങളും പൂർണ്ണമായും സ്മാർട്ട് ഫോണിലാണ് നിർമ്മിച്ചത്.

# ഓർമകളുടെ ഗാനാർചനയിൽ മുഴുകി ഭരതഗൃഹം

തിരുവനന്തപുരം: നടൻ അലൻസിയർ തന്റെ ഗുരുക്കന്മാർക്കും നാടക ആചാര്യന്മാർക്കും ആദരവായി നടത്തിയ ഗീതാഞ്ജലി അദ്ദേഹത്തിന്റെ ഭവനത്തോട് ചേർന്നുള്ള ഭരതഗൃഹത്തിൽ വെച്ച് നടന്നു. ചടങ്ങിൽ ടോവിനോ തോമസ് മുഖ്യാതിഥിയായി എത്തി. ശ്രീ കാവാലം നാരായണ പണിക്കർ തുടക്കമിട്ട സോപാനം സംഘത്തിലെ കലാകാരന്മാരുടെ ഗാനാർചനയോടെയാണ് ഗീതാഞ്ജലി അരങ്ങേറിയത്.

തന്നെ നാടകം പഠിപ്പിച്ച കാവാലം നാരായണ പണിക്കർ, നെടുമുടി വേണു, ഭരത് ഗോപി, വേണുക്കുട്ടൻ, നരേന്ദ്ര പ്രസാദ്, കൃഷ്ണൻകുട്ടി തുടങ്ങിയ അനുഗ്രഹീത കലാകാരന്മാർക്കുള്ള ആദരമായിട്ടാണ് അലൻസിയർ ഗീതാഞ്ജലി അണിയിച്ചൊരുക്കിയത്. അഭിനയ ആചാര്യന്മാർക്ക് പുറമെ, തന്നെ പഠിപ്പിച്ച അധ്യാപകർക്കും ചടങ്ങിൽ വെച്ച് അദ്ദേഹം ആദരം അർപ്പിച്ചു. 'ഇത്രയും പ്രതിഭാശാലികളായ, എന്നാൽ ശിഷ്യരെ ചേർത്ത് നിർത്തുന്ന ഒരുപിടി ഗുരുക്കന്മാരുടെ കീഴിൽ പഠിക്കാൻ സാധിച്ചു എന്നതാണ് എനിക്കെന്റെ ജീവിതത്തിൽ ലഭിച്ച ഏറ്റവും വലിയ സൗഭാഗ്യം. അവർക്കുള്ള എന്റെ സമ്മാനമാണ് ഗീതാഞ്ജലി.' അലൻസിയർ പറഞ്ഞു.

വളർന്നു വരുന്ന കലാകാരന്മാർക്കും കലയെ സ്നേഹിക്കുന്നവർക്കും ഒത്തുകൂടാനും കലാപരിപാടികൾ അവതരിപ്പിക്കാനും അലൻസിയർ തന്റെ ഭവനത്തോട് തന്നെ ചേർന്നു നിർമിച്ചിരിക്കുന്ന ഇടമാണ് ഭരതഗൃഹം. ഒരുപാട് കലാകാരന്മാർക്ക് മാറ്റുരയ്ക്കാനും സ്വയം മൂർച്ചപ്പെടുത്താനുമുള്ള വേദിയായി ഭരതഗൃഹം മാറണമെന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം.






KAILAS AYURVEDA

Nalantha Jn.,
Nanthancode
TVM
Ph:9847085484
SUNDAY HOLIDAY

Devans
MARGIN FREE MARKET

SKN ARCADE, THOTTADIVILA JN.,
PUNNACKAMUGHAL, ARAMADA P.O.,
THIRUVANANTHAPURAM 695 032
MOB: 8589993222


Free Home Delivery, above Rs. 350/- worth purchase

*The sharpest tool for branding*

സക്സസ് കേരള
THE COMPLETE BUSINESS MAGAZINE

വായിക്കൂ... വരിക്കാരാവൂ... അന്വേഷണങ്ങൾക്ക്: 9061525391, 9846766691

## കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക; പ്രസിഡണ്ട് സ്ഥാനത്തേക്ക് സനിൽ ഗോപി മത്സരിക്കുന്നു



കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ (KHNA) അടുത്ത പ്രസിഡണ്ട് സ്ഥാനത്തേക്ക് സനിൽ ഗോപി മത്സരിക്കുന്നു. കൃത്യമായ ലക്ഷ്യത്തോടെയും തികഞ്ഞ അർപ്പണ ബോധത്തോടെയും കഴിഞ്ഞ 14 വർഷമായി KHNA യിൽ പ്രവർത്തിക്കുന്ന സനിൽ ഗോപിയുടെ പരിചയവും അനുഭവ സമ്പത്തും സംഘടനയെ ശക്തമായി നയിക്കുന്നതിനുള്ള കരുത്തു പകരും. മെരിലാന്റിലെ ബാൾട്ടിമോറിൽ താമസിക്കുന്ന സനിൽ ഗോപി വിവിധ മലയാളി സംഘടനകളിൽ പ്രവർത്തിച്ചു വ്യക്തി മുദ്ര പതിപ്പിച്ച വ്യക്തിയാണ്. സ്ഥിരോത്സാഹവും കഠിനാധ്വാനവും അദ്ദേഹത്തിന്റെ കൈമുതൽ ആണ്. നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനയായ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ സാരഥിയാകാൻ എന്തുകൊണ്ടും അർഹനായ സനിൽ ഗോപിക്ക് എല്ലാ വിജയാശംസകളും നേരുന്നു.

## ആറ്റുകാൽ പൊങ്കാല ഫെബ്രുവരി 17 ന്

തിരുവനന്തപുരം : ആറ്റുകാൽ പൊങ്കാലയുടെ മുന്നൊരുക്കങ്ങൾ വിലയിരുത്താൻ ജില്ലാ കളക്ടർ ഡോ.നവജ്യോത് ഖോസയുടെ അദ്ധ്യക്ഷതയിൽ പ്രാഥമിക അവലോകന യോഗം ചേർന്നു.

2022 ഫെബ്രുവരി 17 നാണ് ആറ്റുകാൽ പൊങ്കാല മഹോത്സവം നടക്കുന്നത്.

കുത്തിയോട്ടമുൾപ്പെടെയുള്ള കാര്യങ്ങളിൽ ജില്ലയിലെ മന്ത്രിമാർ ഉൾപ്പെടെയുള്ളവർ കൂടി പങ്കെടുക്കുന്ന ഉന്നതതല യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്ന് കളക്ടർ പറഞ്ഞു.

പല പ്രധാന വകുപ്പുകളും മുൻകൂറായി തന്നെ പൊങ്കാലയുമായി ബന്ധപ്പെട്ട മുന്നൊരുക്ക പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

പൊങ്കാല ഉത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് നോഡൽ ഓഫീസറായി സബ്കളക്ടർ എം.എസ് മാധവിക്കുട്ടിയെ ചുമതലപ്പെടുത്തി



ദേശീയ ഉപഭോക്തൃ സംരക്ഷണ വാരാചരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സംഘടിപ്പിച്ച ഉപഭോക്തൃ സംരക്ഷണ വാരാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ.അനിൽ നിർവഹിക്കുന്നു (വാർത്ത അഞ്ചാം പേജിൽ)

# ഉത്തരകൊറിയയിൽ 'സന്തോഷ'ത്തിന് വിലക്ക്



പോംഗ്യാങ് : ഉത്തരകൊറിയയിൽ പത്ത് ദിവസം ആരും ചിരിക്കാനോ മദ്യപിക്കാനോ വിനോദങ്ങളിൽ ഏർപ്പെടാനോ പാടില്ലെന്ന് നിർദ്ദേശം. മുൻ നേതാവ് കിം ജോങ്-ഇലിന്റെ പത്താം ചരമവാർഷിക ദിനത്തോടനുബന്ധിച്ചാണ് ഇത്തരത്തിലുള്ള കടുത്ത വിലക്കുകൾ.

1994 തൊട്ട് 2011 വരെ ഉത്തര കൊറിയ ഭരിച്ചിരുന്ന നേതാവാണ് കിം ജോങ്-ഉനിന്റെ പിതാവ് കിം ജോങ് ഇൽ. ചരമവാർഷികത്തോടനുബന്ധിച്ച് രാജ്യത്ത് പത്ത് ദിവസത്തെ ദുഃഖാചരണമാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇത് പാലിക്കാത്തവർക്ക് കടുത്ത ശിക്ഷയുണ്ടാകുമെന്നാണ് റിപ്പോർട്ട്.

ചരമദിനത്തിന്റെ അന്ന് പലചരക്ക് ഷോപ്പിംഗ് സ്റ്റാൻഡുകളും നിരോധിച്ചിട്ടുണ്ട്. ഇത് ആരെങ്കിലും പാലിക്കാതിരുന്നാൽ അവരെ ജയിലിൽ അടക്കും. കഴിഞ്ഞ വർഷങ്ങളിൽ നിയമം ലംഘിച്ചവരെ ഉദ്യോഗസ്ഥർ അറസ്റ്റ് ചെയ്തു കൊണ്ടുപോയിരുന്നു. എന്നാൽ പിന്നീടൊരിക്കലും അവരെ ആരും കണ്ടിട്ടില്ലെന്നാണ് റിപ്പോർട്ടുകൾ.

വിലക്കുള്ള ദിവസങ്ങളിൽ സ്വന്തം വീട്ടിൽ മരണം നടന്നാൽ പോലും ഉറക്കെ കരയാൻ അനുവദിക്കില്ല എന്നും പ്രശസ്ത റേഡിയോ ചാനലായ റേഡിയോ ഫ്രീ ഏഷ്യ പറഞ്ഞു.

ജന്മദിനങ്ങൾ, ഷോപ്പിംഗ്, എന്നിങ്ങനെയുള്ള എല്ലാ പരിപാടികളെയും നിയന്ത്രിക്കുവാനും രാജ്യത്തിന്റെ ദുഃഖാചരണത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ അടിച്ചമർത്താനും ഉത്തര കൊറിയ പ്രത്യേക പൊലീസ് സേനയെ വിന്യസിച്ചിട്ടുണ്ട്. ദുഃഖം പ്രകടിപ്പിക്കാതെ കറങ്ങി നടക്കുന്നവരെ അറസ്റ്റ് ചെയ്യാൻ പൊലീസിന്റെ പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

കിം ജോങ് ഇല്ലിന്റെ ജീവിതത്തെ അനുസ്മരിച്ച് നിരവധി പരിപാടികളാണ് ഉത്തരകൊറിയ ആസൂത്രണം ചെയ്തിരിക്കുന്നത്. അദ്ദേഹത്തിന്റെ പേരിൽ ഫോട്ടോഗ്രാഫിയുടെയും കലയുടെയും ഒരു പൊതു പ്രദർശനം, ഒരു കോൺസെർട്ട് എന്നീ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

## നിയന്ത്രണം വിട്ട് ഓട്ടോറിക്ഷ 40 അടി താഴ്ചയിലേക്ക്; ഒരു കുടുംബത്തിലെ 3 പേർ മരിച്ചു



മലപ്പുറം: ആനക്കയം വള്ളിക്കാപ്പറ്റയിൽ ഓട്ടോറിക്ഷ മറിഞ്ഞ് ഒരു കുടുംബത്തിലെ മൂന്ന് പേർ മരിച്ചു. നിയന്ത്രണം വിട്ട് ഓട്ടോറിക്ഷ 40 അടി താഴ്ചയിലേക്ക് മറിയുകയായിരുന്നു.

ഞായറാഴ്ച ഉച്ചയ്ക്ക് ഒന്നരയോടെയാണ് സംഭവം.ആനക്കയം ചേപ്പൂർ കൂരിമണ്ണിൽ പൂവത്തിക്കൽ ഖയറുന്നീസ (46), ഉസ്മാൻ (36), സുലേഖ (33) എന്നിവരാണ് മരിച്ചത്. അപകടത്തിൽ ഇവരുടെ നാലു കുട്ടികൾക്ക് പരിക്കേറ്റു. ഇതിൽ ഒരു കുട്ടിയുടെ നില ഗുരുതരമാണ്. കുട്ടിയെ വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളെജിലേക്ക് കൊണ്ടുപോയി.

ചെറിയ റോഡിലൂടെ പോയപ്പോൾ കല്ലിൽ തട്ടി നിയന്ത്രണം നഷ്ടപ്പെട്ട് ഓട്ടോ മറിയുകയായിരുന്നുവെന്നാണ് റിപ്പോർട്ടുകൾ.

## സിൽവർ ലൈൻ; ജനദ്രോഹ നടപടികളിൽ നിന്ന് സർക്കാർ പിന്മാറണം: കേന്ദ്ര മന്ത്രി വി. മുരളീധരൻ

കടകംപള്ളി: സിൽവർ ലൈൻ പദ്ധതിയുടെ പേരിൽ ജനങ്ങളെ ദ്രോഹിക്കുന്ന നടപടികളിൽ നിന്ന് പിന്തിരാൻ സർക്കാർ തയ്യാറാകണമെന്ന് കേന്ദ്ര വിദേശകാര്യ, പാർലമെന്ററികാര്യ സഹമന്ത്രി വി. മുരളീധരൻ പറഞ്ഞു.

ജനങ്ങൾക്ക് വേണ്ടാത്ത പദ്ധതി ജനാധിപത്യ സംവിധാനത്തിൽ ഭൂഷണമല്ല. ജനങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നതിന് പകരം ഏജൻസികളെ വിട്ട് ഭൂമി വേണമെന്ന് ആവശ്യപ്പെടുന്ന സമീപനം ജനപങ്കാളിത്തത്തോടെ ഉള്ള വികസനം അല്ല.

സിൽവർ ലൈൻ പദ്ധതിയുടെ പേരിൽ കുടിയൊഴിപ്പിക്കൽ ഭീഷണി നിലനിൽക്കുന്ന തിരുവനന്തപുരത്തെ കടകംപള്ളി വില്ലേജിലെ കരിക്കകം മേഖല സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു മന്ത്രി. സിൽവർ ലൈനിനെ ഹരിത പദ്ധതി എന്ന് വിളിക്കുന്നത് അപഹാസ്യമാണെന്നും വി.മുരളീധരൻ പറഞ്ഞു.

കേരളത്തിന്റെ വികസനത്തിന് റോഡുകൾ കൂടുതൽ നന്നാക്കാനും നിലവിലുള്ള റെയിൽ സംവിധാനങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളാണ് വേണ്ടത്.

കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്ന വിവിധ കുടുംബങ്ങളെ നേരിട്ട് കണ്ട് മന്ത്രി വിവരങ്ങൾ ശേഖരിച്ചു.



സിൽവർ ലൈൻ പദ്ധതിക്കായി കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്ന കടകംപള്ളി കരിക്കകത്തെ വീടുകൾ കേന്ദ്രമന്ത്രി സന്ദർശിക്കുന്നു













# ബിന്ദുവിന്റെ രാജി; യുവമോർച്ച മാർച്ച് സംഘർഷഭരിതമായി

തിരുവനന്തപുരം: ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് യുവമോർച്ച സെക്രട്ടറിയേറ്റ് മാർച്ച് സംഘർഷഭരിതമായി.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ അഴിമതിയിലും കണ്ണൂർ വി.സി നിയമനത്തിൽ ഗവർണറെ സ്വാധീനിക്കാൻ ശ്രമിച്ച വിഷയത്തിലും യുവമോർച്ച നടത്തിയ പ്രതിഷേധ മാർച്ചിന് നേരെ പോലീസ് അഞ്ച് റൗണ്ടാണ് ജലപീരങ്കി പ്രയോഗിച്ചത്. ഇതിൽ യുവമോർച്ച ജില്ലാ ട്രഷറർ ചൂണ്ടിക്കൽ ഹരി ഉൾപ്പെടെ നിരവധി പ്രവർത്തകർക്ക് പരിക്കേറ്റു.

കഴിഞ്ഞദിവസം എബിവിപിയുടെ സെക്രട്ടറിയേറ്റ് മാർച്ചിന് നേരെയും പോലീസ് ലാത്തിച്ചാർജ്ജ് നടത്തിയിരുന്നു. ഇതിന് പിന്നാലെയാണ് യുവമോർച്ച പ്രതിഷേധക്കാരെയും കായികമായി പോലീസ് നേരിട്ടത്.

പോലീസിന്റെ ജല പീരങ്കി പ്രയോഗത്തിൽ പ്രതിഷേധിച്ച യുവമോർച്ച പ്രവർത്തകരെ ബലമായി അറസ്റ്റ് ചെയ്യാൻ പോലീസ് ശ്രമിച്ചു. ഇത് പ്രവർത്തകർ ചെറുത്തതോടെ സെക്രട്ടറിയേറ്റ് പരിസരം സംഘർഷഭരിതമായി. മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും യുവമോർച്ച നേതാക്കളും ഇടപെട്ടാണ് സംഘർഷത്തിന് അയവുണ്ടാക്കിയത്.

പ്രവർത്തകർ പിന്നീട് കുത്തിയിരുന്ന് മുദ്രാവാക്യം വിളിച്ച് പ്രതിഷേധം പ്രകടിപ്പിച്ചു. സത്യപ്രതിജ്ഞാലംഘനം നടത്തിയ ബിന്ദുവിനെ പുറത്താക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്ന് യുവമോർച്ച സംസ്ഥാന അദ്ധ്യക്ഷൻ പ്രഫുൽ കൃഷ്ണൻ പറഞ്ഞു. മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എബിവിപിയുടെ സമരത്തെയും തൃശൂരിൽ നടന്ന യുവമോർച്ച മാർച്ചിനേയും പോലീസ് നിഷ്ഠൂരമായിട്ടാണ് തല്ലി ചതച്ചതെന്ന് അപലപിച്ചു. എല്ലാവരുടെയും നികുതിപണം കൊണ്ടാണ് ശമ്പളം നൽകുന്നതെന്ന് പോലീസ് ഓർക്കണം. കാക്കിക്കുള്ളിൽ കമ്മ്യൂണിസ്റ്റ് രക്തമാണ് തിളയ്ക്കുന്നതെങ്കിൽ അത് വീട്ടിൽ വച്ചിട്ടുവരണം.

ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുന്ന പിണറായി വിജയന്റെ ഉത്തരവ് അനുസരിച്ചാണ് പോലീസ് പ്രവർത്തിക്കുന്നത്. ഇങ്ങനെ പോയാൽ മുഖ്യമന്ത്രിക്കും ഉന്നത വിദ്യാഭ്യാസ മന്ത്രിക്കും കേരളത്തിലെ തെരുവുകളിലൂടെ യാത്ര ചെയ്യാൻ കഴിയാത്ത സ്ഥിതി ഉണ്ടാകുമെന്നും പ്രഫുൽ കൃഷ്ണൻ പറഞ്ഞു. യുവമോർച്ച ജില്ലാ പ്രസിഡന്റ് ആർ. സജിത്ത് അദ്ധ്യക്ഷത വഹിച്ചു.

യുവമോർച്ച സംസ്ഥാന ജനറൽ സെക്രട്ടറി ദിനിൽ ദിനേശ്, ബി. എൽ. അജേഷ്, ആശാനാഥ്, മനു പ്രസാദ്, വീണ, ജമുൻ ജഹാഗീർ, കുളങ്ങരകോണം കിരൺ, വലിയവിള ആനന്ദ്, രാമേശ്വരം ഹരി, മാണിനാട് സജി, കവിത സുഭാഷ് തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി.





ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് യുവമോർച്ച നടത്തിയ സെക്രട്ടറിയേറ്റ് മാർച്ച് സംഘർഷഭരിതമായപ്പോൾ

# ഇൻഡിവുഡ് ഭാഷാ സാഹിത്യപുരസ്കാരസമർപ്പണം; വിതരണം ചെയ്തത് ഏഴു ലക്ഷം രൂപയുടെ പുരസ്കാരങ്ങൾ

തിരുവനന്തപുരം: മലയാള സാഹിത്യ മേഖലയ്ക്കായി ഏറ്റവും കൂടുതൽ തുകയുടെ പുരസ്കാരങ്ങൾ വിതരണം ചെയ്ത് ഇൻഡിവുഡ്. അഞ്ച് ലക്ഷം രൂപയുടെ ഭാഷ കേസരി പുരസ്കാരം ഉൾപ്പെടെ പതിനാറു വിഭാഗങ്ങളിലായിരുന്നു പുരസ്കാരങ്ങൾ. തിരുവനന്തപുരം ഏരീസ് പ്ലെക്സ് തീയേറ്ററിൽ നടന്ന വർണശബളമായ ചടങ്ങിൽ കേരളത്തിലെ മലയാള സാഹിത്യ മേഖലയിൽ നിന്നുള്ള മുപ്പത്തി അഞ്ചോളം പ്രമുഖർ പങ്കെടുത്തു.

ഡോ. ജോർജ് ഓണക്കൂർ ആയിരുന്നു പുരസ്കാരനിശയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചത്.കെ. ജയകുമാർ ഐ എ എസ് (റിട്ടയേഡ്) മുഖ്യാതിഥി ആയിരുന്നു. വിധു വിൻസന്റ്, ടി പി ശാസ്തമംഗലം എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഇൻഡിവുഡ് സ്ഥാപക ചെയർമാൻ ഡോ. സോഹൻ റോയ് വീഡിയോയിലൂടെ പുരസ്കാര ജേതാക്കൾക്ക് ആശംസകൾ നേർന്നു.

കെ ജയകുമാർ ഐ എ എസ് (റിട്ടയേഡ്) ന് ആണ് മലയാള ഭാഷയ്ക്ക് നൽകിയ സമഗ്ര സംഭാവനക്കുള്ള പുരസ്കാരം ലഭിച്ചത്. അഞ്ചു ലക്ഷത്തിയൊന്ന് രൂപയും പ്രശസ്തി പത്രവും പുരസ്കാരവും അടങ്ങുന്ന ഭാഷാ കേസരീ പുരസ്കാരം കഴിഞ്ഞ സെപ്റ്റംബറിൽ കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാനിൽ നിന്ന് അദ്ദേഹം ഏറ്റുവാങ്ങിയിരുന്നു.

മികച്ച നോവലിനുള്ള പുരസ്കാരം സുഭാഷ് ചന്ദ്രൻ ഏറ്റുവാങ്ങി. അദ്ദേഹത്തിന്റെ സമുദ്രശില എന്ന നോവലിനാണ് പുരസ്കാരം ലഭിച്ചത്. പതിനായിരം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നവയാണ് മറ്റു പതിനഞ്ചു വിഭാഗങ്ങളിലെ ഓരോ പുരസ്കാരങ്ങളും.

പുരസ്കാരം ഏറ്റുവാങ്ങിയ മറ്റു പുരസ്കാര ജേതാക്കളുടെ പട്ടിക ഇപ്രകാരമാണ്.ഗിരീഷ് പുലിയൂരാണ് മികച്ച കവി. കരമനയാർ എന്ന അദ്ദേഹത്തിന്റെ കവിതയാണ് സമ്മാനാർഹമായത്. മികച്ച ആത്മകഥയ്ക്കുള്ള പുരസ്കാരം നമ്പി നാരായണൻ സ്വീകരിച്ചു. അദ്ദേഹം എഴുതിയ ഓർമ്മകളുടെ ഭ്രമണപഥമാണ് പുരസ്കാരം നേടിയത്. 'കോമാളി മേൽക്കൈ നേടുന്ന കാലം' എന്ന ലേഖനത്തിലൂടെ മികച്ച ലേഖകനുള്ള പുരസ്കാരത്തിന് ബിപിൻ ചന്ദ്രൻ അർഹനായി. ജോബിൻ എസ് കൊട്ടാരത്തിന്റെ രണ്ടു വാല്യങ്ങളുള്ള 'സമഗ്രം, മധുരം മലയാളം ' ഏറ്റവും മികച്ച വിദ്യാഭ്യാസ ഗ്രന്ഥമായി തിരഞ്ഞെടുത്തു.

'വാക്കിന്റെ ജലസ്പർശം' എന്ന ഗ്രന്ഥം എഴുതിയ വിയു സുരേന്ദ്രൻ, ഏറ്റവും മികച്ച നിരൂപകനുള്ള പുരസ്കാരം ഏറ്റുവാങ്ങി.മികച്ച വൈജ്ഞാനിക സാഹിത്യകാരനുള്ള പുരസ്കാരം ഡോ. കെ. ശ്രീകുമാറിനും (അരങ്ങ്), മികച്ച യാത്രാവിവരണ രചയിതാവിനുള്ള പുരസ്കാരം യാത്ര- ഇന്ത്യൻ ചരിത്രസ്മാരകങ്ങളിലൂടെ എന്ന ഗ്രന്ഥം എഴുതിയ കെ. വിശ്വനാഥനും ലഭിച്ചു.

സായ്റ എഴുതിയ 'തിരികെ' എന്ന കഥാസമാഹാരമാണ് 'മികച്ച കഥ ' എന്ന വിഭാഗത്തിൽ സമ്മാനാർഹമായത്. ഏറ്റവും മികച്ച ചലച്ചിത്ര തിരക്കഥ എന്ന വിഭാഗത്തിൽ സമ്മാനം ലഭിച്ചത് മുഹമ്മദ്ഷഫീക്ക് എഴുതിയ 'ആമ' എന്ന സിനിമയാക്കാത്ത തിരക്കഥയ്ക്കാണ്.

മികച്ച ബാലസാഹിത്യകാരൻ (സജീവൻ മൊകേരി, കുഞ്ഞിക്കുറുക്കനും കൂട്ടുകാരും), മികച്ച വിവർത്തനം (ഡോ. മിനിപ്രിയ. ആർ, കങ്കണം (പെരുമാൾ മുരുകൻ)), മികച്ച ഭാഷാ ഗവേഷണം (ഡോ. നിത്യ. പി. വിശ്വം, പാരഡി മലയാള കവിതയിൽ), മികച്ച ഹാസ്യ സാഹിത്യകാരൻ (നൈന മണ്ണഞ്ചേരി, പങ്കൻസ് ഓൺ കൺട്രി) തുടങ്ങിയവയാണ് മറ്റു പുരസ്കാരങ്ങൾ.

വിധികർത്താക്കളുടെ പ്രത്യേക പരാമർശത്തിന് എൻ. എസ്. സുമേഷ് കൃഷ്ണന്റെ ചന്ദ്രകാന്തം എന്ന കവിതാസമാഹാരവും, ആർ. അജിത് കുമാറിന്റെ 'ബിരിയാണി തിന്നുന്ന ബലിക്കാക്കകൾ ' എന്ന സമാഹാരവും അർഹമായി. സതീഷ് തപസ്യ, ശ്രീദേവ്, ആർച്ച.എ. ജെ, വിഷ്ണു ദേവ് എന്നിവർക്ക് പ്രത്യേക പ്രോത്സാഹന പുരസ്കാരവും ലഭിച്ചു.



# രാമപുരം കുടിവെള്ള പദ്ധതിയും അരുണാപുരം റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയും അട്ടിമറിക്കാൻ നീക്കം: മാണി സി കാപ്പൻ

പാലാ: പാലാ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്ക്കരിച്ച നിർദ്ദിഷ്ട രാമപുരം കുടിവെള്ളപദ്ധതിയും പാലാ നഗരത്തിൽ ജലക്ഷാമത്തിനു പരിഹാരം കാണാൻ ഉതകുന്ന അരുണാപുരം റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയും അട്ടിമറിക്കാൻ നീക്കമുള്ളതായി മാണി സി കാപ്പൻ എം എൽ എ ആരോപിച്ചു.



പാലാക്കാരുടെ കുടിവെള്ളം തടയുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവരാണ് ഇതിനു പിന്നിലെന്ന് എം എൽ എ കുറ്റപ്പെടുത്തി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് അട്ടിമറിക്കാൻ നീക്കം നടത്തുന്നതെന്നും എം എൽ എ പറഞ്ഞു.

രണ്ടു വർഷം കൊണ്ടു പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട പദ്ധതിക്കു ഏഴുമാസം പിന്നിട്ടിട്ടും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. മുൻ മന്ത്രി പ്രൊഫ എൻ എം ജോസഫ് നീലൂർ കുടിവെള്ള പദ്ധതി എന്ന പേരിൽ വിഭാവനം ചെയ്തതാണ് ഈ പദ്ധതി. പിന്നീട് ഇതിന്റെ പേര് കെ എം മാണിയാണ് രാമപുരം കുടിവെള്ള പദ്ധതി എന്നാക്കി മാറ്റിയത്.

പേര് മാറ്റിയതിൽ തനിക്കു പങ്കൊന്നുമില്ല. താൻ എം എൽ എ ആയ ശേഷമാണ് പദ്ധതി പുനഃജ്ജീവിപ്പിച്ചത്. ഇതു സംബന്ധിച്ചു ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തപ്പോൾ 17 ഘനയടി ജലമേ ഡാം അതോറിറ്റി നൽകുകയുള്ളൂവെന്നതിനാൽ പദ്ധതി പൂർണ്ണമാക്കാൻ കഴിയില്ലെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. കഴിഞ്ഞ ഇടതു സർക്കാരിന്റെ കാലത്ത് അന്നത്തെ ജലവിഭവവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ 50 ഘനയടി ജലം ഒഴുക്കിക്കളയുന്നതു ചൂണ്ടിക്കാട്ടി ഡാം അതോറിറ്റി പദ്ധതിക്കാവശ്യമായ ജലം ലഭ്യമാക്കണമെന്ന് താൻ ആവശ്യമുന്നയിക്കുകയും തുടർന്നു 30 ഘനയടി ജലം ലഭ്യമാക്കാൻ തീരുമാനിക്കുകയുമായിരുന്നു.

പാലായിലെ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സഹായകമായ ഈ പദ്ധതിക്കു കേന്ദ്ര ജൽജീവൻ മിഷൻ അംഗീകാരം നൽകുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 560 കോടി രൂപയുടെ പദ്ധതിക്കു 280 കോടി കേന്ദ്ര സർക്കാർ സഹായമുണ്ട്. 25 ശതമാനം സർക്കാരും 15 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനവും 10 ശതമാനം ഉപഭോക്തൃവിഹിതവുമാണ്. ഇതിനിടെ പദ്ധതിയുടെ പേരു മാറ്റണമെന്നാവശ്യപ്പെട്ടു കടനാട് പഞ്ചായത്ത് കമ്മിറ്റി രംഗത്തു വന്നു. പിന്നീട് പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ നാലു പഞ്ചായത്തുകളെ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉയർത്തി പൂഞ്ഞാർ എം എൽ എ സെബാസ്റ്റ്യൻ കുളത്തുങ്കൽ നിവേദനം നൽകിയിരുന്നു. ഇതൊക്കെ പദ്ധതിയെ തകർക്കാനുള്ള ഗൂഢ ശ്രമത്തിന്റെ ഭാഗമായിരുന്നു.

പദ്ധതിയുടെ പേര് താൻ മാറ്റിയിട്ടില്ല. ഏതു പേരിലായാലും പദ്ധതി നടക്കണമെന്നതാണ് തന്റെ ആവശ്യം. പാലാ മണ്ഡലത്തിനായി ആവിഷ്ക്കരിച്ച പദ്ധതിയിൽ അവസാന നിമിഷം പൂഞ്ഞാറിലെ ചില പഞ്ചായത്തുകളെ ഉൾപ്പെടുത്തണമെന്ന വാദം ഉന്നയിച്ചത് പദ്ധതിക്കു തുരങ്കം വയ്ക്കാനാണ്. കെ എം മാണിയുടെ കാലത്ത് ഈ ആവശ്യം ഉയർന്നിരുന്നില്ലെന്നതു എം എൽ എ ചൂണ്ടിക്കാട്ടി. പൂഞ്ഞാറിനായി മറ്റൊരു പദ്ധതി ആവിഷ്ക്കരിക്കുകയാണ് കരണീയമെന്ന് മാണി സി കാപ്പൻ ചൂണ്ടിക്കാട്ടി.

വർഷങ്ങൾക്കു മുമ്പ് നിലച്ചുപോകുകയും താൻ പുനഃജ്ജീവിപ്പിക്കുകയും ചെയ്ത അരുണാപുരം റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയും അട്ടിമറിക്കാൻ നീക്കം നടക്കുന്നുണ്ടെന്നു എം എൽ എ ആരോപിച്ചു. കെ എം മാണി ആവിഷ്ക്കരിച്ചതായിരുന്നു പദ്ധതി. സാങ്കേതിക പ്രശ്നത്തെത്തുടർന്നു കരാറുകാരൻ പണി നിറുത്തിയതോടെ പദ്ധതി നിലച്ചുപോയി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റിവേഴ്സ് എസ്റ്റിമേറ്റ് എടുപ്പിച്ചു 19.87 കോടി രൂപ അനുവദിപ്പിച്ചെങ്കിലും ഇപ്പോൾ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടുകിടക്കുകയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനകളുടെ ആസ്തിയിൽ മീനച്ചിലാറും തോടുകളും വീണ്ടെടുത്താൽ പാലായിലെ വെള്ളപ്പൊക്കം ഒഴിവാക്കാൻ സാധിക്കും. പലയിടത്തും മണ്ണിടിഞ്ഞു വീണും എക്കലും മണ്ണും നിറഞ്ഞും മറ്റും മീനച്ചിലാറിന്റെ വീതിയും ആഴവും കുറഞ്ഞു പോയതാണ് വെള്ളപ്പൊക്കത്തിന് ഇടയാക്കുന്നത്.

ജലവിഭവ വകുപ്പ് ഇക്കാര്യങ്ങളിൽ പാലായോട് ആത്മാർത്ഥത കാട്ടണം. അടിയന്തിരമായി ഈ പദ്ധതികൾ നടപ്പാക്കണം. രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ ജനങ്ങളുടെ ആവശ്യങ്ങൾ നിരാകരിക്കരുത്. നാടിന്റെ വികസനകാര്യത്തിൽ രാഷ്ട്രീയം കലർത്തുന്നതിനോട് ഒട്ടും യോജിപ്പില്ല. പാലായുടെ വികസനത്തിനായി ആരുമായും സഹകരിക്കാൻ തയ്യാറാണെന്ന് മാണി സി കാപ്പൻ വ്യക്തമാക്കി.

# ഊർജ സംരക്ഷണ അവാർഡ് വിതരണം മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു



തിരുവനന്തപുരം : ഈ വർഷത്തെ സംസ്ഥാന ഊർജ സംരക്ഷണ അവാർഡ് വിതരണം തിരുവനന്തപുരം റെസിഡൻസി ടവറിൽ നടന്നു. ചടങ്ങിന്റെ ഉദ്ഘാടനവും, അവാർഡ് വിതരണവും വൈദ്യുത വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു. കെ.എസ്.ഇ.ബി ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ ഡോ. ബി അശോക് ഐ.എ.എസ് അധ്യക്ഷത വഹിച്ചു.

ഊർജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് പൊതു ജനങ്ങൾക്കിടയിൽ വ്യക്തമായ അവബോധം സൃഷ്ടിച്ചെടുക്കണമെന്ന് മന്ത്രി വ്യക്തമാക്കി. കുട്ടികളെ ഉൾപ്പെടെ ഇക്കാര്യം ബോധ്യപ്പെടുത്തണമെന്നും, ഊർജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ ലഭിക്കുന്ന സാമ്പത്തിക ലാഭത്തെ കുറിച്ച് സാധാരണക്കാർക്ക് കൃത്യമായ ധാരണയുണ്ടാകണമെന്നും മന്ത്രി പറഞ്ഞു.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വി സി അനിൽകുമാർ, അനെർട്ട് സി.ഇ.ഒ നരേന്ദ്രനാഥ്വെളുരി ഐ.എഫ്.എസ്, ഇ.എം.സി ഡയറക്ടർ ഡോ. ആർ ഹരികുമാർ, കായംകുളം എൻ.ടി.പി.സി ജനറൽ മാനേജർ എസ്.കെ റാം, ഇ.എം.സി ജോയിന്റ് ഡയറക്ടർ എ.എൻ ദിനേശ് കുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഊർജ സംരക്ഷണത്തിനുള്ള ശ്രേഷ്ഠവും യോജിച്ചതുമായ പരിശ്രമങ്ങൾക്കുള്ള അഭിനന്ദനമായാണ് ഊർജ സംരക്ഷണ അവാർഡുകൾ എല്ലാവർഷവും സംസ്ഥാന ഗവൺമെന്റ് നൽകുന്നത്.

2021-ൽ, 8 വ്യത്യസ്ത വിഭാഗങ്ങളിലായി 78 അപേക്ഷകൾ ലഭിച്ചു, അപേക്ഷകർ വൈദ്യുതിയിലും മറ്റ് ഇന്ധനങ്ങളിലും യഥാക്രമം 621 MU ഉം 45345 ഉം ആണ് ലാഭിക്കുന്നത്. കേരളത്തിലെ ഊർജ സംരക്ഷണത്തിനുള്ള സംസ്ഥാനതല നിരീക്ഷണ സമിതി, സംസ്ഥാനതല അവാർഡുകൾക്കായുള്ള വിവിധ എൻട്രികൾ വിലയിരുത്തി. അവാർഡുകളും പ്രശംസാപത്രങ്ങളും നൽകുന്നതിന് താഴെ പ്പറയുന്ന സംഘടനകളെ/ വ്യക്തികളെ തിരഞ്ഞെടുത്തു.

വൻകിട ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ഉദ്യോഗമണ്ഡലിന് അവാർഡും 1,00,000/( ഒരു ലക്ഷം രൂപ) ക്യാഷ് പ്രൈസും നൽകി. ഇടത്തര ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ മിൽമ ഡയറി പാലക്കാട്, എംആർസിഎംപിയു ലിമിറ്റഡിന് അവാർഡും 1,00,000/ (ഒരു ലക്ഷം )രൂപയുടെ ക്യാഷ് പ്രൈസും നൽകി. ബിൽഡിംഗ്സ് കാറ്റഗറി - ഗേറ്റ്‌വേ ,IHCL selecQtions വർക്കലയ്ക്ക് അവാർഡും,1,00,000/(ഒരു ലക്ഷം) രൂപ ക്യാഷ് പ്രൈസും നൽകി. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വിഭാഗത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് അവാർഡും 1,00,000/ ( ഒരു ലക്ഷം ) രൂപയും ക്യാഷ് പ്രൈസും നൽകി.

വൻകിട ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ കാക്കനാട് നിറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന് പ്രശംസാപത്രം നൽകി. ഇടത്തരം ഊർജ ഉപഭോക്തൃ വിഭാഗത്തിൽ കൊച്ചിയിലെ ഇൻഡേൻ ബോട്ടിലിംഗ് പ്ലാന്റിന് പ്രശംസാപത്രം നൽകി. ചെറുകിട ഊർജ്ജ ഉപഭോക്തൃ വിഭാഗത്തിൽ BEML ലിമിറ്റഡ്, പാലക്കാട് കോംപ്ലക്സിന് പ്രശംസാപത്രം നൽകി.

ആർക്കിടെക്റ്റ് ആൻഡ് ഗ്രീൻ ബിൽഡിംഗ് കൺസൾട്ടന്റ് വിഭാഗത്തിൽ എഫ്5 സസ്റ്റൈനബിലിറ്റി കൺസൾട്ടന്റുകൾ, കൊച്ചിക്ക് പ്രശംസാപത്രം നൽകി. ആലുവ, ചെറുകര ഇൻഡസ്ട്രീസിന് റീട്ടെയിലേഴ്സ് ആൻഡ് ട്രേഡേഴ്സ് വിഭാഗത്തിൽ പ്രശംസാപത്രം നൽകി. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും വിഭാഗത്തിൽ നവാൾട്ട് സോളാർ ആന്റ് ഇലക്ട്രിക് ബോട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയ്ക്ക് പ്രശംസാപത്രം നൽകി.

വ്യക്തിഗത ശ്രമങ്ങൾക്ക്, ജി മല്ലികക്ക് പ്രശംസാപത്രം നൽകി.

# അനധികൃത വയറിംഗ്തടയണം: ഇലക്ട്രിക്കൽ വയർമാൻ, സൂപ്പർ വൈസർ ആന്റ് കോൺട്രാക്ടേഴ് ഏകോപന സമിതി

തിരുവനന്തപുരം : ഗാർഹിക വൈദ്യുതി അപകട മരണങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ അനധികൃത വയറിംഗ് തടയണമെന്ന് ഇലക്ട്രിക്കൽ വയർമാൻ, സൂപ്പർ വൈസർ ആന്റ് കോൺട്രാക്ടേഴ് ഏകോപന സമിതി തിരുവനന്തപുരം ജില്ലാ കമ്മിറ്റി രൂപീകരണ യോഗം ആവശ്യപ്പെട്ടു.സാങ്കേതിക യോഗ്യതയില്ലാത്ത ആളുകൾ എർത്തിംഗ് സംവിധാനവും ഇ എൽ സി ബി പോലുള്ള സുരക്ഷിത സംവിധാനങ്ങളും അശാസ്ത്രീയമായി ഒരുക്കുന്നതാണ് അപകടങ്ങൾക്ക് പ്രധാന കാരണമെന്ന് യോഗം വിലയിരുത്തി.

സംസ്ഥാന പ്രസിഡന്റ് നൗഷാദ് കളപ്പാടൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജോ. സെക്രട്ടറി അഷ്റഫ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജന. സെക്രട്ടറി വിശ്വനാഥൻ മുഖ്യ പ്രഭാഷണം നടത്തി. ട്രഷറർ ജയചന്ദ്രൻ തെരഞ്ഞെടുപ്പ് നിയന്ത്രിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ഹമീദ് ഓമാനൂർ, സംസ്ഥാന കമ്മിറ്റി അംഗം ഷാജഹാൻ തുടങ്ങിയവർ സംസാരിച്ചു.


ജില്ലാ പ്രസിഡന്റായി വിനോദ് (പ്രസിഡന്റ്), പത്മകുമാർ (ജന. സെക്രട്ടറി) രഞ്ജിത്ത് (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.



വിനോദ് (പ്രസിഡന്റ്)



പത്മകുമാർ (സെക്രട്ടറി)



രഞ്ജിത്ത് (ട്രഷറർ)

കർമശക്തി ദിനപത്രത്തിന് പ്രാദേശിക ലേഖകന്മാരെയും മാർക്കറ്റിങ് എക്സിക്യൂട്ടീവുകളെയും ആവശ്യമുണ്ട്

(Full Time/ Part Time)
Please Contact: 9061525391



ചെറിയാൻ ജെ കാപ്പൻ സ്മാരക മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടന്ന മഹാത്മാഗാന്ധി സർവ്വകലാശാല അത് ലറ്റിക് ചാംപ്യൻഷിപ്പിലെ വിജയികൾക്കു മാണി സി കാപ്പൻ എം എൽ എ മെഡലുകൾ സമ്മാനിക്കുന്നു

## കോവിഡ് ധനസഹായം: ഡിസംബർ 20, 21 തീയതികളിൽ ക്യാമ്പ്

തിരുവനന്തപുരം : കോവിഡ് 19 ബാധിച്ച് മരണമടഞ്ഞവരുടെ ആശ്രിതർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം വിതരണം ചെയ്യുന്ന നടപടിയുടെ ഭാഗമായി ഡിസംബർ 20, 21 തീയതികളിൽ സംസ്ഥാനത്തെ എല്ലാ താലൂക്ക് ഓഫീസുകളിലും ക്യാമ്പ് നടത്തും. വാർഡ്തല മെമ്പർമാർ തങ്ങളുടെ വാർഡുകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ ക്യാമ്പുകളിൽ എത്തിച്ച് അർഹരായ എല്ലാവരുടെയും പേരുകൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യണം.




കേരള നോളജ് ഇക്കണോമി മിഷന്റെ ജില്ലാതല തൊഴിൽ മേളയുടെ ഉദ്ഘാടനം മന്ത്രി ആന്റണി രാജു നിർവ്വഹിക്കുന്നു

# സപ്ലൈ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം ജനുവരിയിൽ ആരംഭിക്കും: മന്ത്രി ജി.ആർ അനിൽ

പേരൂർക്കട : ജില്ലാ-താലൂക്ക് സപ്ലൈ ഓഫീസുകളിൽ കംപ്യൂട്ടർ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെ ഫ്രണ്ട് ഓഫീസുകളുടെ പ്രവർത്തനം ജനുവരിയിൽ ആരംഭിക്കുമെന്നും വേഗത്തിൽ പരാതികൾ പരിഹരിച്ചു നൽകുകയാണ് ഇതിന്റെ ലക്ഷ്യമെന്നും ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ.

ദേശീയ ഉപഭോക്തൃ സംരക്ഷണ വാരാചരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃ കാര്യ വകുപ്പ് സംഘടിപ്പിച്ച ഉപഭോക്തൃ സംരക്ഷണ വാരാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വിപ്ലവകരമായ മാറ്റമാണ് കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്റ്റ് എന്നും ആക്റ്റ് നിലവിൽ വന്നതോടെ ഉപഭോക്താക്കൾക്കുണ്ടാകുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

ജില്ലയിൽ 91 ലക്ഷത്തിലധികം കാർഡ് ഉടമകളുണ്ട്. അവരുടെ സംരക്ഷണം വലിയൊരു കാര്യമായാണ് വകുപ്പ് കാണുന്നത്. ഭക്ഷ്യ പൊതുവിതരണ രംഗത്തെ പ്രശ്നങ്ങളെല്ലാം അതിവേഗത്തിൽ പരിഹരിച്ച് മുന്നേറാനുള്ള ശ്രമവും വകുപ്പ് നടത്തുന്നുണ്ട്. ഇ-പോസ് മെഷീന്റെ തകരാറു മൂലം ഭക്ഷ്യധാന്യ വിതരണം മുടങ്ങുന്നതിനെ കുറിച്ച് നിരവധി പരാതികളുണ്ടായിരുന്നു. അത്തരം പരാതികൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. എഫ്.സി.ഐ ഗോഡൗണുമായി ബന്ധപ്പെട്ട് വന്നുകൊണ്ടിരുന്ന പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം കാണാൻ വകുപ്പിന് സാധിച്ചു. സപ്ലൈകോ, എഫ്സിഐ ഗോഡൗണുകളിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ ശേഷം മാത്രം ലോഡ് വാഹനങ്ങളിലേക്ക് കയറ്റിയാൽ മതിയെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭക്ഷ്യവസ്തുക്കളുടെ തൂക്കത്തെ സംബന്ധിച്ചും കർശന നിർദേശം നൽകിയിട്ടുണ്ട്. ഉപഭോക്താക്കൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപെടുമ്പോൾ തന്നെ അടിയന്തരമായി ഇടപെടാനും പരിഹാരമുണ്ടാക്കാനുമുള്ള ശ്രമം വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

ഡിസംബർ 24 ന് ഉപഭോക്തൃ സംരക്ഷണ ദിനത്തിൽ വിപുലമായ പരിപാടികൾ വകുപ്പ് സംഘടിപ്പിക്കും. പ്ലാസ്റ്റിക് ഉപേക്ഷിക്കാം പ്രകൃതിയെ രക്ഷിക്കാം എന്നതാണ് ഇതിന്റെ മുദ്രാവാക്യമായി എടുത്തിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു. പരിപാടിയോടാനുബന്ധിച്ച് "പ്ലാസ്റ്റിക് മലിനീകരണം എന്ന വിഷയത്തിൽ സെമിനാറും നടത്തി. കൂടാതെ പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കായി 'ഉണരൂ ഉപഭോക്താവേ ഉണരൂ' എന്ന വിഷയത്തിൽ ചിത്രരചനാ മത്സരവും കോളേജ് വിദ്യാർത്ഥികൾക്കായി ഹരിത ഉപഭോഗം, പ്ലാസ്റ്റിക് മലിനീകരണം' എന്ന വിഷയത്തിൽ ഫോട്ടോഗ്രഫി മത്സരവും സംഘടിപ്പിച്ചു.

പേരൂർക്കട വെറ്റിനറി കൗൺസിൽ ഹാളിൽ നടന്ന പരിപാടിയിൽ ജില്ലാ ഉപഭോക്തൃ കമ്മീഷൻ പ്രസിഡന്റ് പി.വി ജയരാജൻ അദ്ധ്യക്ഷത വഹിച്ചു. പേരൂർക്കട കൗൺസിലർ ജമീല ശ്രീധരൻ, ജില്ലാ സപ്ലൈ ഓഫീസർ സി എസ് ഉണ്ണി കൃഷ്ണകുമാർ, പൊല്യൂഷൻ കൺട്രോൾ ബോർഡ് ചീഫ് എൻവിയോൺമെന്റൽ എഞ്ചിനീയർ ഷീല എ.എം, ജില്ലാ ഉപഭോക്തൃ സമിതി സെക്രട്ടറി വേണുഗോപാൽ തുടങ്ങിയവരും പങ്കെടുത്തു.

## പഴകുറ്റി പാലത്തിലൂടെയുള്ള ഗതാഗതത്തിന് ഇന്ന് മുതൽ നിരോധനം

നെടുമങ്ങാട് : പഴകുറ്റി-മംഗലപുരം റോഡ് നവീകരണത്തിന്റെ ഭാഗമായി പഴകുറ്റിപ്പാലത്തിലൂടെയുള്ള ഗതാഗതം ഡിസംബർ 20 മുതൽ നിരോധിച്ചതായി കെ.ആർ.എഫ്.ബി, തിരുവനന്തരപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. പുനർനിർമണത്തിന്റെ ഭാഗമായി പാലം പൊളിക്കുന്നതിനാലാണ് ഗതാഗതത്തിന് നിരോധനം ഏർപ്പെടുത്തുന്നത്.

പഴകുറ്റിയിൽ നിന്ന് വെമ്പായം പോകേണ്ടുന്നവർ പഴകുറ്റി-കല്ലമ്പാറ-വാളിക്കോട് നിന്നും വലതുഭാഗത്തേക്ക് തിരിഞ്ഞ് ചെന്തിപ്പൂര് ചെന്ന് വീണ്ടും വലതുതിരിഞ്ഞ് പൂവത്തൂർ സ്കൂൾ-ഇരഞ്ചിയം പാൽ സൊസൈറ്റി വഴി യാത്ര ചെയ്യാവുന്നതാണ്. അല്ലെങ്കിൽ പഴകുറ്റി-പുത്തൻപാലം ഇടതുതിരിഞ്ഞ് മൂഴി-ഇടതുതിരിഞ്ഞ് വേങ്കവിള വന്ന് പഴകുറ്റി വെമ്പായം റോഡിലേക്കു കയറാവുന്നതാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

# ശിവഗിരി തീർത്ഥാടനം ഡിസംബർ 30 മുതൽ

വർക്കല: 89മത് ശിവഗിരി തീർത്ഥാടനം 2021 ഡിസംബർ 30, 31, 2022 ജനുവരി 1 തിയതികളിൽ നടക്കും. കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ ഡിസംബർ 15 മുതൽ 2022 ജനുവരി 5 വരെ തീർത്ഥാടനത്തിന് പ്രത്യേക സൗകര്യം ഒരുക്കിയിട്ടുണ്ട്.

കോവിഡ് മാനദണ്ഡങ്ങൾ കർശമായി പാലിക്കും. ആംബുലൻസ് ഉൾപ്പെടെ ആരോഗ്യവകുപ്പിന്റെ എല്ലാ സംവിധാനങ്ങളും തീർത്ഥാടകർക്കായി സജ്ജമാക്കും. തീർത്ഥാടകരുടെ ശരീര ഊഷ്മാവ് പരിശോധിച്ച് മാത്രമായിരിക്കും മഠത്തിലേക്കുള്ള പ്രവേശനം. ശിവഗിരിയിലെത്തുന്ന തീർത്ഥാടകർ പരിശോധനയിൽ കോവിഡ് 19 പോസിറ്റീവായാൽ ക്വാറന്റൈൻ അടക്കമുള്ള സൗകര്യങ്ങളും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഒരുക്കും. അലോപതിക്ക് പുറമേ ആയുർവേദം, ഹോമിയോപതി വിഭാഗങ്ങളുടെ 24 മണിക്കൂർ സേവനവും ഇത്തവണ ലഭ്യമാകും.

ശിവഗിരി തീർത്ഥാടന സ്ഥലത്തേക്കുള്ള പ്രധാന സഞ്ചാരപാതയായ കല്ലമ്പലം, പാരിപ്പള്ളി, കടയ്ക്കാവൂർ റോഡുകൾ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തണമെന്ന് വി.ജോയ് എം.എൽ.എ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. തീർത്ഥാടകരുമായെത്തുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഒരുക്കണമെന്നും കാപ്പിൽ, വർക്കല ബീച്ച്, ജനാർദ്ദനസ്വാമി ക്ഷേത്രക്കുളം എന്നിവിടങ്ങളിൽ ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് എം.എൽ.എ ആവശ്യപ്പെട്ടു.

ശിവഗിരിയിലേക്കുള്ള എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തുമെന്ന് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ യോഗത്തിൽ അറിയിച്ചു. തീർത്ഥാടന സ്ഥലത്തേക്ക് മുടക്കമില്ലാതെ വൈദ്യുതി ഉറപ്പാക്കുന്നതിനും പ്രകാശിക്കാത്ത വഴിവിളക്കുകൾ മാറ്റി പുനസ്ഥാപിക്കുന്നതിനും വൈദ്യുതി വകുപ്പിന് നിർദേശം നൽകി. തീർത്ഥാടന സ്ഥലത്ത് 24 മണിക്കൂറും ശുദ്ധജലവിതരണത്തിന് വാട്ടർ അതോറിറ്റി പ്രത്യേക സംവിധാനം ഒരുക്കും.



കനത്ത സുരക്ഷ സംവിധാനത്തിലാകും ഇത്തവണയും തീർത്ഥാടനം നടക്കുക. ട്രാഫിക് നിയന്ത്രണത്തിനും, തീർത്ഥാടന സ്ഥലത്തെ ജനത്തിരക്ക് നിയന്ത്രിക്കുന്നതിനും 95 പോയന്റുകളിൽ പോലീസിനെ വിന്യസിക്കും. ഇതിനായി 516 പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കും. പ്രധാനനിരത്തുകളിൽ സിസിടിവി നിരീക്ഷണ ക്യാമറാ സംവിധാനവും ഉണ്ടാകും. തിരുവനന്തപുരം കോർപ്പറേഷനും വർക്കല മുൻസിപ്പാലിറ്റിയും തീർത്ഥാടനസ്ഥലത്ത് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തും.

കെ.എസ്.ആർ.ടി.സി ശിവഗിരിയിലേക്കുള്ള എല്ലാ റൂട്ടുകളിലും ആവശ്യാനുസരണം ബസ് സർവീസ് നടത്താനും യോഗത്തിൽ തീരുമാനമായി.

കൂടാതെ, കെ.എസ്.ആർ.ടി.സിയുടെ കൺട്രോൾ റൂമും അനൗൺസ്മെന്റ് സംവിധാനവും ശിവഗിരി യിലുണ്ടാകും. ഫയർഫോഴ്സ് വാഹനങ്ങൾ, ആംബുലൻസ് ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഒരുക്കും. സിവിൽ സപ്ലൈസ്, ഭക്ഷ്യസുരക്ഷാവിഭാഗം, ലീഗൽ മെട്രോളജി എന്നിവയുടെ പ്രത്യേക സ്ക്വാഡുകൾ തീർത്ഥാടന സ്ഥലത്തെ കടകളിലും ഭക്ഷണശാലകളിലും പരിശോധന നടത്തും. എക്സൈസിന്റെ പട്രോളിംഗ് സംവിധാനവും ഷാഡോ ടീമും തീർത്ഥാടന സ്ഥലങ്ങളിൽ ഉണ്ടാകും. ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികളും തീർത്ഥാടനത്തോടനുബന്ധിച്ച് എക്സൈസ് വകുപ്പ് നടത്തും.

വർക്കല റെയിൽവേ സ്റ്റേഷനിലും ശിവഗിരിയിലും പ്രത്യേക കൗണ്ടറുകൾ തുറക്കുമെന്ന് റെയിൽവേ അറിയിച്ചു. ഡ്യൂട്ടിയിലുള്ള പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് താമസിക്കുന്നതിന് സമീപത്തെ സ്കൂളുകളിൽ സൗകര്യം ഒരുക്കുമെന്നും കോവിഡ് മാനദണ്ഡം പാലിച്ചാകും നടപടി ക്രമങ്ങളെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് അറിയിച്ചു.

# ചൈനയിലെ മുതുമുത്തശ്ശി അലിമിഹാൻ സെയ്തി അന്തരിച്ചു

ബെയ്ജിങ്: ചൈനയുടെ മുതുമുത്തശ്ശിയായ അലിമിഹാൻ സെയ്തി 135ാം വയസിൽ അന്തരിച്ചു.

സിൻജിയാങ്ങിൽ ഉയ്ഗൂരിൽവെച്ചായിരുന്നു അന്ത്യം. ലോകത്തിലെ ഏറ്റവും പ്രായം കൂടിയ വ്യക്തിയാണ് അലിമിഹാൻ.

1886 ജൂൺ 25നാണ് അലിമിഹാന്റെ ജനനം. ചൈനയുടെ മുതുമുത്തശ്ശി എന്നാണ് അറിയപ്പെടുന്നത്. ലോകത്തിലെ തന്നെ മുതുമുത്തശ്ശിയാണ് അലിമിഹാൻ. 2013ൽ ചൈനയിലെ അസോസിയേഷൻ ഓഫ് ജെറന്റോളജി ആൻഡ് ജെറിയാട്രിക്സ് തയാറാക്കിയ ജീവിച്ചിരിക്കുന്ന ഏറ്റവും പ്രായം കൂടിയ വ്യക്തികളിൽ ഒന്നാം സ്ഥാനത്ത് ഇടംപിടിച്ചിരുന്നു.



മരണംവരെ മുത്തശ്ശി തന്റെ ദിനചര്യകൾ ഒന്നുംതന്നെ മുടക്കിയിരുന്നില്ല. തണുത്ത വെള്ളം കുടിക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. കൂടാതെ സമയത്തിന് ഭക്ഷണം, ദിവസവും വെയിൽ കൊള്ളുക എന്നതൊക്കെയാണ് മുത്തശ്ശിയുടെ പ്രധാന ദിനചര്യകൾ. വീട്ടിലെ കൊച്ചുമക്കളെ നോക്കുന്നതും മുത്തശ്ശിയായിരുന്നു. 'ദീർഘായുസ് നഗരം' എന്നാണ് മുത്തശ്ശി താമസിച്ചിരുന്ന കോമുക്സെറിക് അറിയപ്പെടുന്നത്. 90 വയസിന് മുകളിലുള്ള നിരവധിപേർ ജീവിച്ചിരിക്കുന്ന സ്ഥലമെന്നതിനാലാണ് 'ദീർഘായുസ് നഗരം' എന്ന പേര് വീണത്.

വയോധികർ കൂടുതലുള്ളതുകൊണ്ടുതന്നെ ദീർഘായുസ് നഗരത്തിൽ ആരോഗ്യപരിപാലനത്തിന് കൂടുതൽ ശ്രദ്ധ നൽകികൊണ്ട് ഒരുപാട് സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ കരാർ പ്രകാരം 60 വയസിന് മുകളിലുള്ളവർക്കായി പ്രദേശത്ത് ഡോക്?ടർമാരുടെ സേവനം, സൗജന്യ വാർഷിക ശാരീരിക പരിശോധനകൾ തുടങ്ങിയവ നൽകി വരുന്നുണ്ട്.

# കുട്ടികളെ അശ്ലീലക്കെണിയിൽ കുടുക്കുന്ന വൻ സംഘം പിടിയിൽ

തിരുവനന്തപുരം : സോഷ്യൽ മീഡിയ വഴി ഓൺലൈൻ വിദ്യാഭ്യാസത്തിനെന്ന വ്യാജേന കുട്ടികളെ ഫോൺ വിളിച്ച ശേഷം അശ്ലീലക്കെണിയിൽ കുടുക്കുന്ന വൻ സംഘം പിടിയിൽ.



തിരുവനന്തപുരം സിറ്റി സൈബർ പോലീസാണ് ഇവരെ രാജസ്ഥാനിൽ നിന്ന് പിടികൂടിയത്. അശോക് പട്ടിദാർ, നിലേഷ് പട്ടിദാർ, വല്ലഭ് പട്ടിദാർ എന്നിവരാണ് പിടിയിലായ പ്രതികൾ.

നിരവധി ആൺ വിദ്യാർത്ഥികളെയും ഈ കെണിയിൽ കുടുക്കിയിട്ടുണ്ടെന്നാണ് റിപ്പോർട്ട്. ഓൺലൈൻ ക്ലാസിനിടയിലാണ് ഇവരെ കുടുക്കുന്നത്. പ്രതികളുടെ പദ്ധതി അനുസരിച്ച് വിദ്യാർത്ഥികളെ ഫോണിൽ ബന്ധം സ്ഥാപിച്ച് ഇവരിൽ നിന്നും നഗ്ന ചിത്രങ്ങൾ ആവശ്യപ്പെടുകയും ചെയ്യുന്നു. പിന്നീട് അത് സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കും എന്ന് ഭീഷണിപ്പെടുത്തിയാണ് കുട്ടികളിൽ നിന്ന് പണം തട്ടുന്നത്. നിരവധി വിദ്യാർത്ഥികളിൽ നിന്നായി ലക്ഷക്കണക്കിന് രൂപ സംഘം തട്ടിയെടുത്തിട്ടുണ്ടെന്ന് പോലീസ് പറഞ്ഞു.

# സൂക്ഷ്മ തൊഴിൽ സംരംഭ യൂണിറ്റുകൾ തുടങ്ങാൻ അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം : ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വിമൺ (സാഫ്) മുഖാന്തിരം തീരമൈത്രി പദ്ധതിയുടെ കീഴിൽ സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ യൂണിറ്റുകൾ തുടങ്ങുന്നതിന് അപേക്ഷ ക്ഷണിച്ചു.

എഫ്.എഫ്.ആർ രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 20 നും 40 നും ഇടയ്ക്ക് പ്രായമുള്ള വനിതകളുടെ ഗ്രൂപ്പുകൾക്കാണ് അപേക്ഷിക്കാനാകുന്നത്. രണ്ടു മുതൽ അഞ്ച് പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി അഞ്ച് ലക്ഷം രൂപ (ഒരാൾക്ക് ഒരു ലക്ഷം രൂപ)വരെ ഈ പദ്ധതിയിൽ ഗ്രാന്റായി ലഭിക്കും. അപേക്ഷ ഫോറം വിഴിഞ്ഞം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, വിവിധ മത്സ്യഭവൻ ഓഫീസുകൾ എന്നിവടങ്ങളിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ അതാത് മത്സ്യ ഭവൻ ഓഫീസുകളിൽ ഡിസംബർ 24 ന് മുൻപായി നൽകണം.

കൂടുതൽ വിവരങ്ങൾക്ക് വിഴിഞ്ഞത്തുള്ള സാഫ് നോഡൽ ഓഫീസുമായി ബന്ധപ്പെടാം.

ഫോൺ- 9847907161, 7560916058, 9645952807, 8138073864.

# ബിന്ദു അമ്മിണി ഓട്ടോ ഇടിച്ച് ആശുപത്രിയിൽ; പിന്നിൽ ബി.ജെ.പി പ്രവർത്തകരാണെന്ന് ആരോപണം

കൊയിലാണ്ടി : ബിന്ദു അമ്മിണിയെ ഓട്ടോ ഇടിപ്പിച്ച് അപായപ്പെടുത്താൻ ശ്രമിച്ചതായി പരാതി. ബിന്ദു അമ്മിണി ഇപ്പോൾ ആശുപത്രിയിൽ ചികിത്സയിലാണ്.

കഴിഞ്ഞ ദിവസം രാത്രി ഒൻപത് മണിയോടെ പൊയിൽക്കാവ് ബസാറിലെ ടെക്സ്റ്റൈൽ ഷോപ്പ് പൂട്ടി വീട്ടിലേക്ക് നടന്നു വരുന്നതിനിടെയാണ് വണ്ടി ഇടിച്ചത്.

തലക്ക് പരുക്കേറ്റ ബിന്ദു അമ്മിണിയെ കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പൊലിസ് ബിന്ദുവിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

അതേസമയം, തന്നെ അപായപ്പെടുത്താൻ ബി.ജെ.പി പ്രവർത്തകർ നടത്തിയ ശ്രമമാണെന്നാണ് ബിന്ദു അമ്മിണി ആരോപിക്കുന്നത്.

# ദർശനപുണ്യം തേടി ഭക്തലക്ഷങ്ങൾ

ശബരിമല മണ്ഡല കാലം അവസാനിക്കാൻ ഒരാഴ്ച ശേഷിക്കേ ശബരിമല സന്നിധാനത്ത് ദർശനത്തിനെത്തിയത് 811235 അയ്യപ്പൻമാർ. ഞായറാഴ്ച രാവിലെ വരെയുള്ള കണക്കാണിത്. ശനിയാഴ്ചയാണ് ഏറ്റവുമധികം ഭക്തർ ദർശനത്തിനെത്തിയത്. 42870 അയ്യപ്പൻമാർ ദർശനം നടത്തി മടങ്ങി. വാരാന്ത്യത്തിൽ സാമാന്യം ഭേദപ്പെട്ട തിരക്കാണ് സന്നിധാനത്ത് അനുഭവപ്പെട്ടത്. അടുത്തയാഴ്ച വെർച്വൽ ക്യൂ വഴി ബുക്ക് ചെയ്ത ഭക്തരിൽ ഭൂരിഭാഗവും ദർശനത്തിനെത്തുമെന്നാണ് പ്രതീക്ഷ.

വെർച്വൽ ക്യൂ സംവിധാനം പ്രയോജനപ്പെടുത്തുന്നതിനാൽ മണിക്കൂറുകളുടെ കാത്തിരിപ്പില്ലാതെ തന്നെ ഭക്തർക്ക് സുഗമമായ ദർശനം സാധ്യമാകുന്നുണ്ട്. തത്സമയ ബുക്കിങ്ങിലൂടെയും കൂടുതൽ ഭക്തർ എത്തിച്ചേരുന്നുണ്ട്. മണ്ഡല പൂജയ്ക്ക് അയ്യപ്പസ്വാമിക്ക് ചാർത്താനുള്ള തങ്കയങ്കി വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര 22ന് രാവിലെ ആറൻമുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്ന് പുറപ്പെടും. 25 ന് ഉച്ചയോടെ തങ്കയങ്കി ഘോഷയാത്ര പമ്പയിലെത്തും. 25ന് വൈകുന്നേരം തങ്കയങ്കി ചാർത്തി ദീപാരാധന നടക്കും. 26 ന് 11.50 നും 1.15നും മധ്യേയുള്ള മുഹൂർത്തത്തിലാണ് മണ്ഡലപൂജ. രാത്രി 10ന് ഹരിവരാസനം പാടി നടയടയ്ക്കുന്നതോടെ 41 ദിവസം നീണ്ട മണ്ഡലകാലത്തിന് പരിസമാപ്തിയാകും.

### പൂങ്കാവനം പ്ലാസ്റ്റിക് രഹിതമാക്കാൻ പുണ്യം പൂങ്കാവനം

ശുചീകരണവും ബോധവത്കരണ പരിപാടികളും കൊണ്ട് പുണ്യം പൂങ്കാവനം പദ്ധതി പരിസ്ഥിതി സൗഹൃദ തീർഥാടനം എന്ന ലക്ഷ്യത്തിലേക്ക് അടുക്കുന്നു. പ്ലാസ്റ്റിക് മാ




ലിന്യം സന്നിധാനത്തും പമ്പയിലും എത്തുന്നത് പരമാവധി കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്ന് സന്നിധാനത്ത് പുണ്യം പൂങ്കാവനത്തിന്റെ ചുമതലയിലുള്ള ഡി.വൈ.എസ്.പി എം. രമേഷ് കുമാർ പറഞ്ഞു. ഇരുമുടിക്കെട്ടിനുള്ളിലെ പ്ലാസ്റ്റിക് പൊതികൾ പരമാവധി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവർ പോലും മഞ്ഞൾപ്പൊടി, ഭസ്മം തുടങ്ങിയവയുടെ പ്ലാസ്റ്റിക് പായ്ക്കറ്റുകൾ ഒഴിവാക്കുന്നുണ്ട്. ശബരിമലയിലെത്തുന്ന അയ്യപ്പൻമാർ ഒരു മണിക്കൂർ ശുചീകരണ പ്രവർത്തനത്തിൽ ഏർപ്പെടുക എന്ന സന്ദേശം പൊതുവിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ട്.

സന്നിധാനത്ത് ഡി വൈ എസ്.പി എം.രമേഷ് കുമാർ, ആംഡ് പൊലീസ് ഇൻസ്പെക്ടർ പി.എം. ഗോപി, ആംഡ് സബ് ഇൻസ്പെക്ടർ വി. അനിൽ കുമാർ തുടങ്ങിയ പൊലീസ് ഉദ്യോഗസ്ഥരെ കൂടാതെ, എൻ.ഡി.ആർ.എഫ്, ഫയർഫോഴ്സ്, അഖില ഭാരത അയ്യപ്പ സേവാസംഘം തുടങ്ങിയവരും എല്ലാദിവസവും നടക്കുന്ന ശുചീകരണത്തിന് നേതൃത്വം കൊടുക്കുന്നുണ്ട്. നിലയ്ക്കലും പമ്പയിലും ശുചീകരണ, ബോധവത്കരണ പരിപാടികൾ ഒരേ സമയം നടന്നുവരുന്നുണ്ട്.

പ്രകൃതി സംരക്ഷിക്കുക, ശബരിമലയെ പ്ലാസ്റ്റിക് വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ പുണ്യം പൂങ്കാവനം പദ്ധതി രൂപീകരിക്കപ്പെട്ടിട്ട് പത്ത് വർഷം പിന്നിടുമ്പോൾ വിപുലമായ രീതിയിൽ ബോധവത്കരണം സാധ്യമായിട്ടുണ്ട്. പ്രകൃതിക്കും വന്യജീവികൾക്കും ദോഷകരമാകാത്ത തീർഥാടനം എന്ന ലക്ഷ്യത്തിലേക്ക് ഇത് മുന്നേറിക്കൊണ്ടിരിക്കുകയാണ്.

## ശബരിമലയുടെ ശുചീകരണവും വഴിപാടിന്റെ ഭാഗമാക്കി മാറ്റണം: ദേവസ്വം ബോർഡ് പ്രസിഡന്റ്

ശബരിമല: ശബരിമലയുടെ ശുചീകരണവും വഴിപാടിന്റെ ഭാഗമാക്കി മാറ്റണമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ പറഞ്ഞു.

ജില്ലാ ഭരണകേന്ദ്രവും ഹരിത കേരള മിഷനും ശബരിമല സാനിറ്റേഷൻ സൊസൈറ്റിയും ചേർന്ന് ഫെഡറൽ ബാങ്കിന്റെ സഹായത്തോടെ നടത്തുന്ന 'ശുചീകരണ വഴിപാട്' പദ്ധതി പമ്പയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ശബരിമല തീർഥാടന കേന്ദ്രം ശുചിയാക്കുക എന്നത് ഭക്തരുടേയും ഉത്തരവാദിത്തമാണ്. ശുചീകരണ പദ്ധതിയിൽ എല്ലാ തീർഥാടകരുടേയും സഹകരണം വേണമെന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു.

വിശുദ്ധി സേനാംഗങ്ങളുമായി ചേർന്ന് പമ്പയിൽ അയ്യപ്പന്റെ പൂങ്കാവനം ശുചിയാക്കുന്നതിന് തീർഥാടകർക്കും അവസരം നൽകുന്നതാണ് ശുചീകരണ വഴിപാട് പദ്ധതി. സ്വച്ഛം ഹരിതം ശബരിമലയുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ശുചീകരണ യജ്ഞത്തിൽ പങ്കാളികളാകുന്ന തീർഥാടകർക്ക് തുളസിച്ചെടി സൗജന്യമായി നൽകും. പമ്പയിൽ ശുചീകരണ യജ്ഞത്തിൽ പങ്കാളികളാകുന്നവർ നടുന്ന തുളസിച്ചെടികൾ കൊണ്ട് തുളസി വനം സൃഷ്ടിക്കുകയാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ പമ്പയിൽ ആരംഭിക്കുന്ന പദ്ധതി പിന്നീട് സന്നിധാനത്തേക്കും വ്യാപിപ്പിക്കും.

25 വർഷം പൂർത്തിയാക്കിയ വിശുദ്ധി സേനാംഗങ്ങളെ ചടങ്ങിൽ ആദരിച്ചു.

ശബരിമല എഡിഎം അർജുൻ പാണ്ഡ്യൻ, ദേവസ്വം ബോർഡ് അംഗം മനോജ് ചരളേൽ, ഹരിത കേരളം മിഷൻ ജില്ലാ കോ- ഓർഡിനേറ്റർ ആർ. രാജേഷ്, പമ്പ സ്പെഷൽ ഓഫീസർ അജിത് കുമാർ, തിരുവതാംകൂർ ദേവസ്വം ബോർഡ് പമ്പ എ ഇ ഗോപകുമാർ, ഫെഡറൽ ബാങ്ക് ലിമിറ്റഡ് റീജിയണൽ ഹെഡ് പി.എ. ജോയി, പമ്പ ഡ്യൂട്ടി മജിസ്ട്രേറ്റ് സിറോഷ് ജോൺ, പമ്പ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് എ.വി. ജോസ്, വിശുദ്ധി സേന ലീഡർ കെ. രാജു, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

### ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ

4 മണിക്ക്.... തിരുനട തുറക്കൽ
4.05 ന്..... അഭിഷേകം
4.30 ന് ...ഗണപതി ഹോമം
5 മണി മുതൽ 7 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
9 മണിക്ക് ....അത്താഴപൂജ
9.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 10 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

## ശബരിമുദ്രയുമായി സന്നിധാന കത്തുകൾ

ശബരിമല: പോസ്റ്റ്കാർഡും ഇൻലൻറും കവറു ഉപയോഗിച്ച് വിശേഷങ്ങളും വാർത്തകളും ദൂരദേശങ്ങളിലുള്ളവർക്ക് കൈമാറിയ തപാൽകാലത്തെ കുറിച്ച് പുതുതലമുറയ്ക്ക് അറിയണമെന്നില്ല.

മൊബൈൽഫോൺ, എസ്.എം.എസ്, ചാറ്റിങ് ആപ്പുകളും ഇ-മെയിലും നിറഞ്ഞാടുന്ന വാർത്താവിനിമയ വിസ്ഫോടനകാലത്ത് കത്തെഴുതുകയെന്നത് തീർത്തും മറന്ന് തുടങ്ങിയ കാര്യമാണ്. എന്നാൽ ശബരിമലസന്നിധാനത്ത് അതല്ല സ്ഥിതി. ഇവിടെയെത്തുന്ന ഭക്തരിലേറെപേരും മാളികപ്പുറത്തിനടുത്തുള്ള തപാൽ ആഫീസിൽ എത്തി, പ്രിയപ്പെട്ടവർക്ക് കത്തെഴുതുന്നു. കവറുകളും കാർഡുകളും വാങ്ങിക്കൊണ്ടുപോവുകയും അവ നിധിപോലെ സൂക്ഷിക്കുകയും ചെയ്യുന്നു.

തപാൽഓഫിസിനോടോ, കത്തെഴുതുന്നതിനോ ഉള്ള പ്രണയമല്ല മറിച്ച് ആ കത്തുകളിൽ പതിയ്ക്കുന്ന തപാൽ മുദ്രയോടുള്ള ഭക്തിയാണ് അയ്യപ്പഭക്തരെ ശബരിമല തപാൽഓഫിസിൽ എത്തിക്കുന്നത്.

പതിനെട്ടാംപടിയും അയ്യപ്പനും ചേരുന്ന പ്രത്യേകതയുള്ള തപാൽമുദ്രയാണിവിടുത്തെ പ്രത്യേകത. ഇന്ത്യൻ പ്രസിഡന്റ് കഴിഞ്ഞാൽ സ്വന്തം പേരിൽ തപാൽ ഓഫിസ് ഉള്ളത് അയ്യപ്പന്റെ പേരിലാണ്. പരിവേദങ്ങളും അപേക്ഷകളും സങ്കടങ്ങളും പ്രാർത്ഥനയുടെ രൂപത്തിൽ മാത്രമല്ല കത്തുകളുടെ രൂപത്തിലും അയ്യനെ തേടിയെത്തുന്നു.

ജീവിതദു:ഖങ്ങളെ കുറിച്ചും സന്തോഷസന്ദർഭങ്ങളെ കുറിച്ചുമുള്ള കത്തുകൾ.ഭക്തർ അയ്യപ്പനയക്കുന്ന കത്തുകളും മണി ഓർഡറുകളും കൈകാര്യം ചെയ്യുന്നതും ഇവിടെതന്നെ. കല്യാണം, ഗൃഹപ്രവേശം, കടയുടെ ഉദ്ഘാടനം തുടങ്ങിയവയുടെ ക്ഷണകത്തുകളും അയ്യപ്പനെത്തേടിയെത്തുന്നത് പതിവ്മാത്രം. ഇവയെല്ലാം തരംതിരിച്ച് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർക്ക് ജീവനക്കാർ കൈമാറുന്നു. ഇങ്ങനെ സന്നിധാനത്തെ ഭക്തിവ്യവഹാരങ്ങളിൽ സജീവസാന്നിധ്യമാവുകയാണ് ശബരിമല തപാൽ ഓഫീസ്.

രാജ്യത്ത് ഇങ്ങനെ വ്യത്യസ്ഥമായ തപാൽമുദ്രയുള്ള ഒരേ തപാൽഓഫീസാണ് ശബരിമല തപാൽഓഫീസ്. പതിനെട്ടാംപടിയ്ക്ക് പടിയ്ക്കുമേൽ അയ്യപ്പനിരിക്കുന്ന ചിത്രമുള്ള ശബരിമുദ്രയാണ് ഈ ഓഫീസിന്റെ തപാൽമുദ്ര. മറ്റ് തപാൽഓഫീസുകളിൽ നിന്നും 689713 പിൻകോഡുള്ള ഈ തപാൽഓഫിസിനെ വ്യത്യസ്ഥമാക്കുന്നതും ഇതുതന്നെ. ഈ മുദ്ര കത്തുകളിൽ ചേർത്ത് കിട്ടാൻ സന്നിധാനത്തെത്തുന്നവർ തപാൽ ഓഫിസിലെത്തി കത്തുകളയയ്ക്കുന്നു. ചിലർ കാർഡുകളും കവറുകളും മുദ്രചാർത്തി വാങ്ങി വീടുകളിൽ പൂജാമുറികളിൽ വെക്കുന്നു. പ്രിയപ്പെട്ടവർക്ക് സമ്മാനായി നൽകുന്നു.

1960ൽ ബ്രാഞ്ച് തപാൽ ഓഫീസായി തുടങ്ങിയ ഇവിടെ 1975 മുതലാണ് ഇത്തരം തപാൽമുദ്ര പതിച്ച് തുടങ്ങിയത്. അന്ന് മുതൽ ശബരിമുദ്രയാണ് ഇവിടുത്തെ കത്തുകളിൽ പതിയ്ക്കുന്നത്.

ശബരിമല സീസൺ തുടങ്ങുന്ന നവംബർ 16 മുതൽ അവസാനിക്കുന്ന ജനുവരി 17വരെ ഈ ഓഫീസ് പ്രവർത്തിക്കുന്നു. രാവിലെ ഏഴുമുതൽ രാത്രി 8.30വരെ ഓഫീസ് പ്രവർത്തനസജ്ജമാണ്. പത്തനംതിട്ട പോസ്റ്റൽ ഡിവിഷന് കീഴിലെ ആറ് ജീവനക്കാരാണിവിടെയുള്ളത്.

കത്തുകൾക്ക് പുറമെ ഇൻസ്റ്റൻറ് മണിഓഡർ, സേവിങ്സ്, മൊബൈൽ ഫോൺ ചാർജിങ് തുടങ്ങിയ സേവനങ്ങളും ഇവിടെ ലഭ്യമാണ്.

# ഒഴിവുകൾ

## അദ്ധ്യാപക ഒഴിവ്

നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിൽ ഗണിതശാസ്ത്ര അദ്ധ്യാപക ഒഴിവിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു. ബന്ധപ്പെട്ട വിഷയത്തിൽ 50 ശതമാനം മാർക്കിൽ കുറയാത്ത ബിരുദാനന്തരം ബിരുദം, നെറ്റ്/ പി.എച്ച്.ഡി/ എംഫിൽ തുടങ്ങിയവയാണ് വിദ്യാഭ്യാസ യോഗ്യത. അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഡിസംബർ 22 ന് രാവിലെ 10.30 ന് നേരിട്ട് ഹാജരാകണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു

## ഗസ്റ്റ് അദ്ധ്യാപകരുടെ ഒഴിവ്

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയ്നിംഗിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് സെന്ററുകളിൽ പ്രിന്റിംഗ് ടെക്നോളജി വിഷയത്തിൽ ഗസ്റ്റ് അദ്ധ്യാപകരുടെ ഒഴിവ്. അപേക്ഷകർ ബന്ധപ്പെട്ട വിഷയത്തിൽ പി.ജി/ ഡിഗ്രി/ ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ലോമ യോഗ്യതയും പ്രവൃത്തി പരിചയവും ഉള്ളവരായിരിക്കണം. വിശദമായ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികളും സഹിതം ഡിസംബർ 31 ന് അഞ്ച് മണിക്ക് മുൻപായി ലഭിക്കത്തക്ക വിധത്തിൽ അപേക്ഷിക്കണമെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. വിലാസം- മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയ്നിംഗ്, സിറ്റിസെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം-695024. ഫോൺ- 0471 2474720, 2467728. വെബ്സൈറ്റ് -www.captkerala.com.

## വാക്ക് ഇൻ ഇന്റർവ്യൂ

തവനൂർ കാർഷിക എൻജിനീയറിംഗ് കോളജിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ വിവിധ തസ്തികയിലേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഒരു വർഷത്തേക്കാണ് നിയമനം. മാസ ശമ്പളം 44100 രൂപ. താൽപ്പര്യമുള്ളവർ ഡിസംബർ 20 ന് രാവിലെ ഒൻപത് മണിക്ക് നടക്കുന്ന വാക്ക് -ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണമെന്ന് ഡീൻ ഓഫ് ഫാക്കൽറ്റി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.kau.in, kcaet.kau.in.

**സ്വകാര്യ മേഖല ഉൾപ്പെടെ തൊഴിലവസര അറിയിപ്പുകൾ സൗജന്യമായി പ്രസിദ്ധീകരിക്കുന്നു. E-mail: karmasakthidaily@gmail.com**



അന്താരാഷ്ട്ര അറബിക് ദിനത്തോടനുബന്ധിച്ച് മൂവാറ്റുപുഴ എം.ഐ.ഇ.റ്റി എച്ച്.എസ് -ൽ നടന്ന 'റബീഹ് 2K21' ന്റ ഭാഗമായി വിദ്യാർത്ഥികൾ തയ്യാറാക്കിയ കാർഡുകളുമായി

## അന്താരാഷ്ട്ര അറബിക് ദിനം ആഘോഷിച്ചു

മൂവാറ്റുപുഴ: അന്താരാഷ്ട്ര അറബിക് ദിനത്തോടനുബന്ധിച്ച് എം.ഐ. ഇ.ടി. എച്ച്. എസ് മൂവാറ്റുപുഴയിൽ അറബിക് ദിനാഘോഷം സംഘടിപ്പിച്ചു.

അറബിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ അറബിക് എക്സിബിഷൻ 'റബീഅ് 2സ21' ന്റെ ഉദ്ഘാടനം കാലിഗ്രാഫർ മുഹമ്മദ് ഉമരി നിർവഹിച്ചു. വിമൺസ് ഇസ്ലാമിയ കോളേജ് പ്രിൻസിപ്പൽ സബാഹ് മുഹമ്മദ്, സ്ക്കൂൾ എച്ച്.എം. ബിജിന കെ. കരീം, സ്കൂൾ മാനേജർ മുഹമ്മദ് കാസിം പി.എ, അധ്യാപകരായ ഷെരീഫ്, മൂസ, സാജിദ് കെ.ആർ, സാജിത എസ്, സാജിത റഹീം എന്നിവർ ഉദ്ഘാടന ചടങ്ങിന് നേതൃത്വം നൽകി.

വിദ്യാർത്ഥികളും രക്ഷിതാക്കളും ഓഫീസ് സ്റ്റാഫ് അംഗങ്ങളും അധ്യാപകരായ വർക്കി പി.റ്റി., കൃഷ്ണജ തങ്കപ്പൻ , അനി ജോയ്, സൗദ എം.എം., അമൃത ചന്ദ്രൻ, മഞ്ജുഷ എം.ജെ, രശ്മി കെ.പി., സീന നസീർ, സൗമ്യ എം.ജെ, മുഹമ്മദ് റിയാസ്, റിയാസ് അഹമ്മദ്, രോഹിത് കെ. എന്നിവർ പങ്കെടുത്തു.




ഇ-ശ്രം പോർട്ടലിന്റെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം

## ഇ-ശ്രം ജില്ലയിൽ ഇതുവരെ രജിസ്റ്റർ ചെയ്തത് 2,82,489 തൊഴിലാളികൾ

തിരുവനന്തപുരം: അസംഘടിത തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിനായുള്ള ഇ-ശ്രം പോർട്ടലിൽ ജില്ലയിൽ ഇതുവരെ രജിസ്റ്റർ ചെയ്തത് 2,82,489 തൊഴിലാളികൾ.

അവസാന തിയതിയായ ഡിസംബർ 31നകം കൂടുതൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ നിർദേശിച്ചു. ഇ-ശ്രം പോർട്ടൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ, ജില്ലാതല നിർവാഹക കമ്മിറ്റി അവലോകനയോഗം ചേർന്നു. ജില്ലയിലെ രജിസ്ട്രേഷൻ നടപടികളുടെ പുരോഗതി യോഗം വിലയിരുത്തി.

തൊഴിലുറപ്പ് തൊഴിലാളികൾ, ഓട്ടോറിക്ഷാ തൊഴിലാളികൾ, ഹരിതകർമ്മസേന, ആശാവർക്കർമാർ, വീട്ടുജോലിക്കാർ, കർഷകർ, കെട്ടിടനിർമ്മാണ തൊഴിലാളികൾ, അതിഥിത്തൊഴിലാളികൾ തുടങ്ങി വിവിധ മേഖലകളിലുള്ള തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടില്ലെന്ന് യോഗം വിലയിരുത്തി.




തിരുവനന്തപുരം ലുലു മാളിൽ പ്രമുഖ അമേരിക്കൻ ഐസ്ക്രീം ബ്രാൻഡ് കോൾഡ് സ്റ്റോൺ ക്രീമറിയുടെ ഔട്ട്ലെറ്റ് ഉദ്ഘാടനം ചെയ്തപ്പോൾ

## ലുലു മാളിൽ പ്രമുഖ അമേരിക്കൻ ഐസ്ക്രീം ബ്രാൻഡ് കോൾഡ് സ്റ്റോൺ ക്രീമറി ഔട്ട്ലെറ്റ് തുറന്നു

തിരുവനന്തപുരം: ഇന്ത്യയിലെ 15,000 കോടി രൂപയുടെ ഐസ്ക്രീം വ്യവസായത്തിലെ തുടർച്ചയായ വിശ്വാസത്തിന്റെ സൂചകമായി അമേരിക്കയിലെ പ്രമുഖ ഐസ്ക്രീം ബ്രാൻഡായ കോൾഡ് സ്റ്റോൺ ക്രീമറിയുടെ ഇന്ത്യയിലെ 33-ാമത് ഔട്ട്ലെറ്റ് തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചു. തലസ്ഥാനത്ത് പുതുതായി ആരംഭിച്ച ഏറ്റവും വലിയ ഷോപ്പിങ് കേന്ദ്രമായ ലുലു മാളിലാണ് ഔട്ട്ലെറ്റ് തുറന്നിരിക്കുന്നത്.

നഗരത്തിലെ മധുരപ്രേമികളുടെ താവളമാകുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പുതിയ ഔട്ട്ലെറ്റിൽ ചീസ് കേക്ക്, ഫ്രഞ്ച് വാനില, കേക്ക് ബാറ്റർ, ചോക്കലേറ്റ്, സ്ട്രോബെറി തുടങ്ങിയ വൈവിധ്യമാർന്ന ഫ്ളേവറുകളിലുള്ള ഐസ്ക്രീമുകൾ, ഷേക്കുകൾ, സ്മൂത്തികൾ, സർബത്തുകൾ എന്നിവയാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്.

ആദ്യ 1000 ഉപഭോക്താക്കൾക്കായി ഉദ്ഘാടന ഓഫറും സ്ഥാപനം അവതരിപ്പിക്കുന്നുണ്ട്. ഇവർക്ക് ഒരു വർഷത്തേക്ക് സൗജന്യ ഐസ്ക്രീമുകൾ ലഭിക്കുന്നതിനുള്ള ഗോൾഡൻ ടിക്കറ്റ് ലഭിക്കാനുള്ള സാധ്യതയുണ്ടാകും.

അബുദാബി ആസ്ഥാനമായ പ്രമുഖ ഫുഡ് ആൻഡ് ബെവറേജസ് ഗ്രൂപ്പായ ടേബിൾസ്, യുഎസ് ആസ്ഥാനമായുള്ള കഹാല ബ്രാൻഡുമായി യോജിച്ചാണ് ഇന്ത്യയിൽ കോൾഡ് സ്റ്റോൺ ക്രീമറി അവതരിപ്പിച്ചത്.

2016-ൽ കൊച്ചിയിലെ ലുലു മാളിലാണ് ബ്രാൻഡ് അവരുടെ ആദ്യ സ്റ്റോർ ആരംഭിച്ചത്. കേരളത്തിൽ മാത്രം മൂന്ന് സ്റ്റോറുകളുള്ള കോൾഡ് സ്റ്റോൺ ക്രീമറി 100 ശതമാനം വെജിറ്റേറിയൻ ചേരുവകൾ ചേർത്തുള്ള മികച്ച ഐസ്ക്രീമുകൾ നിർമ്മിക്കുന്നതിൽ പ്രശസ്തിയാർജിച്ചിട്ടുള്ളതാണ്. ഇന്ത്യയിൽ വ്യത്യസ്ത പ്രായക്കാരിൽ ബ്രാൻഡിന് ലഭിച്ചിട്ടുള്ള സ്വീകാര്യതയിലാണ് കമ്പനി പ്രതീക്ഷയർപ്പിക്കുന്നത്.

ഐസ്ക്രീമുകളിൽ മികച്ചത് തെരഞ്ഞെടുക്കുന്ന തലസ്ഥാന നഗരിയിലെ ഡിസേർട്ട് പ്രേമികൾക്ക് ലോകോത്തര ഐസ്ക്രീമിന്റെ തനതായ രുചി പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് വിദേശത്തും സ്വദേശത്തും ഏറെ ജനപ്രീതിയാർജിച്ച ഐസ്ക്രീം ബ്രാൻഡിന്റെ പുതിയ ഔട്ട്ലെറ്റ് തുറക്കുന്നതെന്ന് ടേബിൾസ് മാനേജിംഗ് ഡയറക്ടർ അദീബ് അഹമ്മദ് പറഞ്ഞു.

കോൾഡ് സ്റ്റോൺ ക്രീമറി അതിന്റെ വൈവിധ്യമാർന്ന രുചികളാൽ ആഗോളതലത്തിൽ നേടിയെടുത്തിട്ടുള്ള പേര് പുതിയ ഔട്ട്ലെറ്റിലൂടെ നിലനിർത്താനാകുമെന്ന വിശ്വാസമുണ്ടെന്നും അദ്ദേഹം പറഞ്ഞു. നിലവിലെ ആരോഗ്യ സാഹചര്യം കണക്കിലെടുത്ത് ഉപഭോക്താക്കൾക്ക് പൂർണ സുരക്ഷിതത്വത്തോടെ തങ്ങളുടെ പ്രിയപ്പെട്ട ഡിസേർട്ട് ഇനങ്ങൾ ആസ്വദിക്കുവാനായി എല്ലാ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചാണ് ഔട്ട്ലെറ്റ് പ്രവർത്തിക്കുന്നത്.

# വിദ്യാ കിരണം പദ്ധതി; ആസ്റ്റർ മിംസിന്റെ ആദ്യഘട്ട സഹായം ഡോ. ആസാദ് മൂപ്പൻ മുഖ്യമന്ത്രിക്ക് കൈമാറി

തിരുവനന്തപുരം: കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനും, അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ്, ടാബ്ലെറ്റ് പോലുള്ള ഇലക്ട്രോണിക്സ് പഠനോപകരണങ്ങൾ ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താനുമായി സർക്കാർ പ്രഖ്യാപിച്ച വിദ്യാകിരണം പദ്ധതിക്ക് വേണ്ടിയുള്ള കേരളത്തിലെ ആസ്റ്റർ ഹോസ്പിറ്റലുകളുടെ ആദ്യഘട്ട സഹായം ആസ്റ്റർ ഗ്രൂപ്പ് ചെയർമാൻ ഡോ. ആസാദ് മൂപ്പനിൽ നിന്നും മുഖ്യമന്ത്രി പിണറായി വിജയൻ ഏറ്റുവാങ്ങി. 50 ലക്ഷം രൂപയുടെ ധനസഹായമാണ് ഡോ. ആസാദ് മൂപ്പൻ കൈമാറിയത്.



വിദ്യാകിരണം പദ്ധതിക്ക് വേണ്ടിയുള്ള കേരളത്തിലെ ആസ്റ്റർ ഹോസ്പിറ്റലുകളുടെ ആദ്യഘട്ട സഹായം ആസ്റ്റർ ഗ്രൂപ്പ് ചെയർമാൻ ഡോ. ആസാദ് മൂപ്പനിൽ നിന്നും മുഖ്യമന്ത്രി പിണറായി വിജയൻ ഏറ്റുവാങ്ങുന്നു

പൊതുവിദ്യാഭ്യാസ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും, അതിന്റെ സാധ്യമായ എല്ലാ മേഖലകളെയും ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും, ഇതിനായി സർക്കാറുകൾ നടത്തുന്ന സംവിധാനങ്ങൾക്ക് പൊതു പിന്തുണ അനിവാര്യമാണെന്നും ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

മാതൃകാപരവും അനുകരണീയവുമായ പദ്ധതിയാണ് വിദ്യാകിരണമെന്നും പദ്ധതിയുമായി സഹകരിക്കാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്നും ദ്ദേഹം കൂട്ടിച്ചേർത്തും. ആസ്റ്റർ ഹോസ്പിറ്റലുകളുടെ കേരള & ഒമാൻ റീജ്യണൽ ഡയറക്ടർ ഫർഹാൻ യാസിനും ഒപ്പമുണ്ടായിരുന്നു.



മന്ത്രി അഹമ്മദ് ദേവർ കോവിൽ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്താൻ സൈറ്റ് സന്ദർശനവും പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്ന അവലോകന യോഗത്തിലും പങ്കെടുക്കുന്നു



# "ഒരു കുട്ടിയ്ക്ക് ഒരു കളിപ്പാട്ടവും പുസ്തകവും"





ഈസ്റ്റ് മാറാടി സ്കൂൾ നാഷണൽ സർവീസ് സ്കീം യൂണിറ്റിന്റെ നേതൃത്വത്തിൽ സ്കൂളിന്റെ പരിസരത്തെ അംഗനവാടികളിൽ കളിപ്പാട്ടങ്ങളും കുട്ടികളുടെ മാസികകളും നൽകി.

സ്കൂൾ വിദ്യാർത്ഥികളും അദ്ധ്യാപകരും വീടുകളിൽ നിന്നും കൊണ്ടുവന്ന പുതിയതും പഴയതുമായ കളിപ്പാട്ടങ്ങളും കളിക്കുടുക്ക, മിന്നാമിന്നി, കുട്ടികളുടെ ദീപിക, ബാലരമ,പൂമ്പാറ്റ പോലുള്ള കുട്ടികളുടെ വാരികയും മാസികകളും, കാർട്ടൂൺ പുസ്തകങ്ങളും വിതരണം ചെയ്തു.

മാറാടി ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജിഷ ജിജോ ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പാൾ റനിത ഗോവിന്ദ്, പി.റ്റി.എ പ്രസിഡന്റ് പി.റ്റി.അനിൽകുമാർ, മദർ പി.റ്റി.എ ചെയർ പേഴ്സൺ സിനിജ സനിൽ, സ്കൂൾ വികസന സമിതി ചെയർമാൻ റ്റി.വി. അവിരാച്ചൻ, പ്രോഗ്രാം ഓഫീസർ സമീർ സിദ്ദീഖി.പി, സ്റ്റാഫ് സെക്രട്ടറി വിനോദ് ഇ ആർ, സീനിയർ അസിസ്റ്റന്റ് ഡോ.അബിത രാമചന്ദ്രൻ, പൗലോസ് റ്റി, റോണി മാത്യു, സെക്കോ സോഷ്യൽ സ്കൂൾ കൗൺസലർ ഹണി വർഗീസ്, രതീഷ് വിജയൻ, അനൂപ് തങ്കപ്പൻ, അംഗൻവാടി ജീവനക്കാരായ ചന്ദ്രിക പി.എൻ, സിന്ധു പി വാസു, കുമാരി പി.എസ് തുടങ്ങിയവർ നേതൃത്വം നൽകി.

# വിഴിഞ്ഞം തുറമുഖ പദ്ധതി നിശ്ചയിച്ച തിയതിയിൽ ഉദ്ഘാടനം ചെയ്യും : മന്ത്രി അഹമ്മദ് ദേവർ കോവിൽ

## ഇലക്ട്രിക് സബ്സ്റ്റേഷന്റെയും ഗേറ്റ് കോംപ്ലക്സിന്റെയും ഉദ്ഘാടനം ജനുവരിയിൽ

വിഴിഞ്ഞം : വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ പുരോഗമിക്കുന്നുണ്ടെന്നും നിശ്ചയിച്ച തിയതിയിൽ തന്നെ പണി പൂർത്തിയാക്കി ഉദ്ഘാടനം നടത്താൻ കഴിയുമെന്നും തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർ കോവിൽ. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തന പുരോഗതിയുമായി ബന്ധപ്പെട്ട അവലോകന യോഗത്തിൽ പങ്കെടുത്ത ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇലക്ട്രിക് സബ്സ്റ്റേഷൻ, ഗേറ്റ് കോംപ്ലക്സ് എന്നിവയുടെ ഉദ്ഘാടനം സർക്കാരിന്റെ ഒന്നാംവാർഷിക പരിപാടിയിൽ ഉൾപ്പെടുത്തി ജനുവരിയിൽ തന്നെ നിർവ്വഹിക്കുമെന്നും അദ്ദേഹം അറിയിച്ചു.

നിലവിൽ പുലിമുട്ട് നിർമ്മാണം 1050 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിനുള്ള കല്ല് നിക്ഷേപം പ്രതിദിനം 13,000 ടൺ ആക്കി ഉയർത്താൻ സാധിച്ചിട്ടുണ്ട്. വരും ദിവസങ്ങളിൽ അത് 15,000 ടൺ ആക്കി വർദ്ധിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. അഞ്ച് ബാർജുകൾ പ്രവർത്തിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 10 ബാർജുകളുണ്ട്. അടുത്തയാഴ്ച നാല് ബാർജുകൾ കൂടി എത്തുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽ നിന്നു വരുന്ന ലോറികളെ നിരീക്ഷിക്കുന്നതിനായി പുതിയ സംവിധാനം നടപ്പാക്കാൻ ആലോചിക്കുന്നതായി മന്ത്രി വ്യക്തമാക്കി. പദ്ധതിക്കാവശ്യമായ നിർമാണവസ്തുക്കൾ കയറ്റുന്ന സ്ഥലത്ത് നിന്ന് ലഭിക്കുന്ന വിവരം അനുസരിച്ച് ചെക്ക് പോയിന്റുകൾ തിരിച്ചറിയാൻ കഴിയും. നിശ്ചിത ലോഡ് കൃത്യമായി ഇറക്കിയിട്ടുണ്ടെയെന്ന് പരിശോധിക്കുന്നതിനായി ഹോളോഗ്രാമും ഓട്ടോമാറ്റിക് ട്രാക്കിംഗ് സിസ്റ്റവും ഏർപ്പെടുത്തിയതായും മന്ത്രി പറഞ്ഞു.

തുറമുഖത്തിന്റെ പണിക്കാവശ്യമായ പാറകൾ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലവിൽ പരിഹരിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനാവശ്യമായ പാറകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ കെ.ഗോപാലകൃഷ്ണനെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ.ജയകുമാറിനെയും ചുമതലപ്പെടുത്തിയതായും മന്ത്രി പറഞ്ഞു. മത്സ്യബന്ധന ബോട്ടുകൾക്കുള്ള മണ്ണെണ്ണ വിതരണം പുനരാരംഭിച്ചതായും മന്ത്രി കൂട്ടിച്ചേർത്തു.

റെയിൽവേയുമായി നിലനിൽക്കുന്ന തർക്കവിഷയങ്ങളിൽ പരിഹാരം കാണുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രിയുടെ ഓഫീസുമായി നിരന്തര ചർച്ചകൾ നടക്കുന്നുണ്ട്. പദ്ധതി പ്രദേശത്തെ മറ്റ് വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ജനുവരിയിൽ വിപുലമായ യോഗം ചേരുമെന്നും മന്ത്രി അറിയിച്ചു. അവലോകനയോഗത്തിന് ശേഷം തുറമുഖ പദ്ധതി പ്രദേശവും മന്ത്രി സന്ദർശിച്ചു.

യോഗത്തിൽ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ എം.ഡിയും സി.ഇ.ഒയുമായ രാജേഷ് ഝാ, കോർപ്പറേറ്റ് അഫയേഴ്സ് തലവൻ സുശീൽ നായർ, വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് സി.ഇ.ഒ ഡോ.ജയകുമാർ, ജനറൽ മാനേജർ (ടെക്നിക്കൽ) ഡോ. സന്തോഷ് സത്യപാൽ എന്നിവരും വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെയും വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡിന്റെയും വിവിധ ഉദ്യോഗസ്ഥരും പങ്കെടുത്തു.

# ബീമാപള്ളി ഉറൂസിന് ആവശ്യമായ സൗകര്യമൊരുക്കും

തിരുവനന്തപുരം: ജനുവരി അഞ്ചിന് തുടങ്ങുന്ന ബീമാപള്ളി ഉറൂസിന്റെ സുഗമമായ നടത്തിപ്പിന് എല്ലാ സൗകര്യങ്ങളും ഒരുക്കാൻ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി.

ആചാര അനുഷ്ഠാനങ്ങളെ ബാധിക്കാത്ത രീതിയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഉറൂസ് നടത്താൻ സർക്കാർ എല്ലാ സജ്ജീകരണങ്ങളും ഒരുക്കുമെന്ന് മന്ത്രി പറഞ്ഞു.

ജില്ലാ ഭരണകൂടം നിർദ്ദേശിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ പ്രകാരം ഉറൂസ് നടത്തുമെന്ന് ബീമാപള്ളി മുസ്ലിം ജമാഅത്ത് ഭാരവാഹികൾ യോഗത്തിൽ അറിയിച്ചു.



ഉറൂസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ജമാഅത്ത് ഭാരവാഹികളും ജനപ്രതിനിധികളും ഉന്നയിച്ച ആവശ്യങ്ങളിൽ നടപടിയെടുക്കുവാൻ ഗതാഗത മന്ത്രി ആന്റണി രാജു ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ഉറൂസിന് മുന്നോടിയായി വാഹനങ്ങളിൽ ഉച്ചഭാഷിണി ഉപയോഗിച്ച് പൊതുജനങ്ങൾക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് അറിയിപ്പ് നൽകാൻ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ അനിൽ നിർദ്ദേശിച്ചു. ജനുവരി അഞ്ച് മുതൽ പത്ത് ദിവസമാണ് ഉറൂസ് നടക്കുക.

# നോളജ് മിഷൻ തൊഴിൽ മേള: 668 ഉദ്യോഗാർത്ഥികൾ ചുരുക്കപ്പട്ടികയിൽ

തിരുവനന്തപുരം: കേരള നോളജ് ഇക്കണോമി മിഷൻ തിരുവനന്തപുരം ജില്ലയിൽ സംഘടിപ്പിച്ച തൊഴിൽ മേളയിൽ കേരളത്തിനകത്തും പുറത്തും നിന്നുമായി 900 ഉദ്യോഗാർഥികളും 104 തൊഴിൽ ദാതാക്കളും പങ്കെടുത്തു.

ഇതിൽ 668 ഉദ്യോഗാർത്ഥികൾ വിവിധ കമ്പനികളുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടതായി കെ-ഡിസ്ക് സ്റ്റേറ്റ് പ്രോഗ്രാം മാനേജർ എം. സലീം അറിയിച്ചു.

പൂജപ്പുര എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടന്ന തൊഴിൽ മേള ഗതാഗതവകുപ്പു മന്ത്രി ആന്റണി രാജുവാണ് ഉദ്ഘാടനം ചെയ്തത്.

പ്രമുഖ കമ്പനികളായ ടി.സി.എസ്, ഐ.ബി.എസ്, യു എസ് ടി ഗ്ലോബൽ, ടാറ്റാ, ലെക്സി, നിസാൻ, എസ് ബി ഐ ലൈഫ്, എച്ച്.ഡി.എഫ്.സി, ക്വസ് കോർപ്പ്, ഐ സി ഐ സി ഐ, എസ് എഫ് ഒ, ടൂൺസ് എന്നിവരാണ് റിക്രൂട്ട്മെന്റിനെത്തിയത്.

വരും ദിവസങ്ങളിൽ മറ്റു ജില്ലകളിലും തൊഴിൽ മേളകൾ നടക്കും. ആദ്യഘട്ടത്തിൽ 10,000 പേർക്ക് തൊഴിൽ ലഭ്യമാക്കുകയാണ് മേളകളുടെ ലക്ഷ്യം. ഉദ്യോഗാർത്ഥികൾക്ക് കേരള നോളജ് മിഷന്റെ https://www.knowledgemission.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് മേളയിൽ പങ്കെടുക്കാവുന്നതാണ്.

# തൊഴിലധിഷ്ഠിത കോഴ്സുകളിൽ സീറ്റൊഴിവ്

തിരുവനന്തപുരം: കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗിന്റെ തിരുവനന്തപുരം ഡിവിഷനിൽ ഗവൺമെന്റ് അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളിൽ സീറ്റൊഴിവ്. ഡിപ്ലോമ ഇൻ കംപ്യൂട്ടർ ഹാർഡ് വെയർ ആന്റ് നെറ്റ് വർക്കിംഗ്, ഡിപ്ലോമ ഇൻ മൾട്ടി മീഡിയ, ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻസ് എന്നിവയിലാണ് ഒഴിവുകൾ.

പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് അർഹവിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യമാണ്. കൂടാതെ സ്റ്റൈപ്പന്റും ലഭിക്കും. ഒ.ബി.സി, എസ്.ഇ.ബി.സി, മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും.

അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം നേരിട്ട് ഹാജരാകണമെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. വിലാസം- കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയ്നിംഗ്, സിറ്റിസെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം-695024.

ഫോൺ- 0471 2474720, 2467728. വെബ്സൈറ്റ് : www.captkerala.com.

# ദ്രവമാലിന്യ പരിപാലന പദ്ധതികൾ; ദ്വിദിന ശിൽപ്പശാല നടത്തി

തൃശൂർ : ദ്രവമാലിന്യ പരിപാലന പദ്ധതികളുടെ കരട് രൂപീകരണത്തിനായി , വിദഗ്ദ്ധരെയും സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ച് കൊണ്ട് ദ്വിദിന ശിൽപ്പശാല തൃശൂർ കിലയിൽ നടന്നു.

അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ മുഖ്യപ്രഭാഷണം നടത്തിയ ചടങ്ങിൽ ശുചിത്വമിഷൻ ഡയറക്ടർ പി.ഡി ഫിലിപ്പ് സ്വാഗതമാശംസിച്ചു.കൊച്ചി മേയർ എം അനിൽകുമാർ , കുന്നംകുളം നഗരസഭാ ചെയർപേഴ്സൺ സീത രവീന്ദ്രൻ എന്നിവർ മാതൃകകളെ കുറിച്ച് സംസാരിച്ചു.ശുചിത്വ മിഷൻ ,ഹരിത കേരളം മിഷൻ, കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്, സ്റ്റേറ്റ് മിഷൻ മാനേജ്മെൻറ് യൂണിറ്റ് - അമൃത് എന്നിവർ ദ്രവമാലിന്യ സംസ്കരണ ത്തിലെ വിവിധ വിഷയങ്ങളിൽ സെഷനുകൾ നയിച്ചു.

ദ്രവമാലിന്യ പരിപാലനം നിലവിലെ പ്രശ്നങ്ങളും വെല്ലുവിളികളും ,ദ്രവമാലിന്യ സംസ്കരണത്തിലും, ജലാശയങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിലും ഗ്രാമ പഞ്ചായത്ത്/ ബ്ലോക്ക്/ജില്ലാതലങ്ങളിൽ പൊതുവായി നേരിടുന്ന വെല്ലുവിളികൾ എന്നീ വിഷയങ്ങളിൽ ചർച്ചകൾ ആരംഭിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ, കില,അമൃത് പദ്ധതി എന്നിവരുടെ സംയുക്ത സഹകരണത്തോടെയാണ് ശിൽപ്പശാല സംഘടിപ്പിക്കുന്നത്.

ശുദ്ധജലക്ഷാമം കേരളത്തിലെ ഏറ്റവും പ്രധാന പ്രശ്നമാകുന്ന സാഹചര്യത്തിലാണ് ശില്പ്പശാല സംഘടിപ്പിക്കുന്നത് .ജലസുരക്ഷക്കായി മലിനജല പരിപാലനം ഒരു പ്രധാന പങ്ക് വഹിക്കുന്നു. ദ്രവമാലിന്യ പരിപാലനത്തിന് വികേന്ദ്രീകൃതവും പ്രകൃതി സൗഹൃദവുമായ സാങ്കേതിക വിദ്യകൾ സംസ്ഥാന വ്യാപകമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം .

നവകേരളം കർമപദ്ധതി II ന്റെ ഭാഗമായാണ് ജലസ്രോതസുകളെ മാലിന്യ മുക്തമാക്കുന്നതിനും ഗാർഹിക സ്ഥാപന - പൊതുതലത്തിൽ ശാസ്ത്രീയ ദ്രവ മാലിന്യ പരിപാലന സംവിധാനമൊരുക്കുന്നതിനുമുള്ള പദ്ധതികൾ രൂപീകരിക്കുന്നത്.

GLOBAL BUSINESS SUMMIT 2022

On Thursday 20th January 2022, Venue: Hotel Prasanth, PMG Jn, Thiruvananthapuram

For Registration: 9061525391, 9846766691

SUCCESS STORY

സ്വന്തം ലേഖകൻ

# കലയുടെ അതിജീവനം; ഒരു ജീവിത തപസ്യ

കലയ്ക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച മഹത്വ്യക്തിത്വങ്ങളെ നമുക്കേവർക്കും വലിയ ബഹുമാനവും സ്നേഹവുമൊക്കെയാണ്. വർധിച്ച ആരാധനയോടെയാണ് കലയെ ഉപാസിക്കുന്നവരെ നാം വീക്ഷിക്കുന്നത്. കലയുടെ നേർരൂപങ്ങളായ നൃത്തത്തെയും സംഗീതത്തെയും ദൈവത്തിന്റെ വരദാനമായി കരുതുന്ന നമ്മുടെ സമൂഹത്തിൽ കലാകാരന്മാർ ദേവതുല്യരാണ്. അത്തരത്തിൽ, നൃത്തത്തെ നെഞ്ചോടു ചേർത്ത് ആരാധിക്കുന്ന സിന്ധു കലാമന്ദിർ എന്ന കലാകാരിയുടെ കലാജീവിതത്തിലൂടെ ഒരു യാത്ര...

കഴിഞ്ഞ 25 വർഷമായി നൃത്തത്തെ തന്റെ ജീവനേക്കാൾ ഏറെ സ്നേഹിക്കുന്ന വ്യക്തിയാണ് കലാമന്ദിർ ഡാൻസ് സ്കൂളിന്റെ സ്ഥാപകയായ സിന്ധു കലാമന്ദിർ. നിരവധി ജീവിത പ്രതിസന്ധികളോട് പൊരുതിയാണ് അവർ ഇവിടം വരെ എത്തിയത്. ചെന്നൈ കലാക്ഷേത്രയിൽ നിന്നും നൃത്തത്തിൽ ബിരുദാനന്തബിരുദം നേടിയിട്ടുള്ള സിന്ധു, ഇപ്പോൾ ബാംഗ്ലൂർ ജെയിൻ യൂണിവേഴ്സിറ്റിയിൽ ഭരതനാട്യത്തിൽ Phd ചെയ്യുന്നു.

സിന്ധു കലാമന്ദിറിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, ശാസ്തമംഗലം കൊച്ചാർ റോഡിൽ നടത്തപ്പെടുന്ന കലാമന്ദിർ ഡാൻസ് സ്കൂൾ എന്ന നൃത്ത വിദ്യാലയത്തിൽ 5ീൽപരം കുട്ടികൾ നൃത്തം അഭ്യസിക്കുന്നു. ഭാവിയിലെ നർത്തകരെ വളർത്തിയെടുക്കുക എന്നതാണ് കലാമന്ദിറിന്റെ ലക്ഷ്യം. ശരിയായ മാർഗനിർദേശം നല്കി, കലാകേരളത്തിനു അഭിമാനകരമായ നേട്ടങ്ങൾ സമ്മാനിക്കാൻ പ്രാപ്തമായ യുവതലമുറയെ വളർത്തിയെടുക്കുക എന്ന സ്വപ്നമാണ് കലാമന്ദിർ ഡാൻസ് സ്കൂളിലൂടെ സിന്ധു കലാമന്ദിർ നടപ്പിലാക്കുന്നത്.

## നൃത്തത്തോടുള്ള അതിയായ അഭിനിവേശം

പ്രഗത്ഭരായ നിരവധി ഗുരുക്കന്മാരുടെ ശിക്ഷണത്തിലാണ് നൃത്തത്തിന്റെ വിവിധ രൂപങ്ങൾ, സിന്ധു കലാമന്ദിർ അഭ്യസിച്ചത്. നന്തൻകോട് വിനയചന്ദ്രൻ, ജയൻ ഭാരതക്ഷേത്ര, കലാമണ്ഡലം സോണി, അനിൽ നാട്യവേദ, കവിത, രാജി, ദർശന, ധനൻ ജയൻ, വെങ്കിടേഷ് തൃശ്ശൂർ എന്നീ പ്രമുഖരായ അധ്യാപകരുടെ കീഴിലാണ് നൃത്തം അഭ്യസിച്ചത്. അതിനു പുറമെ, സ്വാതി തിരുനാൾ സംഗീത കോളേജിൽ നിന്നും സംഗീതത്തിൽ ഡിപ്ലോമയും കരസ്ഥമാക്കി.

97-99 കാലഘട്ടങ്ങളിൽ കേരളത്തിലും കേരളത്തിനു പുറത്തുമായി തിരുവനന്തപുരം ശ്രീ ചിത്ര ഹോം അവതരിപ്പിച്ച നിരവധി ബാലകളിൽ ശ്രദ്ധേയമായ വേഷങ്ങൾ അവതരിപ്പിച്ചിരുന്നു. വിവാഹശേഷവും തുടർപഠനങ്ങളുമായി മുന്നോട്ട് പോയി. പഠനശേഷം തിരുവനന്തപുരത്തുള്ള നിരവധി സ്കൂളുകളിൽ നൃത്ത അധ്യാപികയായി ജോലി ചെയ്തു. എം.ജി ശ്രീകുമാറിന്റെ 'സരിഗമ'യിൽ അദ്ധ്യാപികയായിരുന്നു. കൂടാതെ തിരുവനന്തപുരം സ്വാതിതിരുനാൾ സ്കൂളിലും അധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.



കഴിഞ്ഞ നാല് വർഷമായി, നാലാംച്ചിറ സർവോദയ സെൻട്രൽ വിദ്യാലയത്തിൽ നൃത്ത അധ്യാപികയാണ് സിന്ധു. സ്കൂൾ യുവജനോത്സവത്തിനു കുട്ടികളെ നൃത്തങ്ങൾ പഠിപ്പിക്കുകയും സംസ്ഥാന തലത്തിൽ നിരവധി സമ്മാനങ്ങൾ കരസ്ഥമാക്കുന്ന തലത്തിലേയ്ക്ക് കുട്ടികളെ ഉയർത്തി കൊണ്ടു വരാനും സിന്ധുവിനു കഴിഞ്ഞു. വിവിധ സ്ഥലങ്ങളിലെ നൃത്ത മത്സരങ്ങളിൽ വിധികർത്താവായും പങ്കെടുക്കാറുണ്ട്.

## ഓൺലൈനിലും സാന്നിധ്യം

കോവിഡ് കാലത്ത് കലയെ തന്റെ വിദ്യാർത്ഥികളിലേക്ക് എത്തിക്കണമെന്ന ആഗ്രഹം ഓൺലൈൻ നൃത്ത പഠനത്തിനു വഴിതെളിച്ചു. തന്റെ കഴിവുകളെ, ലോകത്തിന്റെ വിവിധ പല സ്ഥലങ്ങളിൽ കലയെ സ്നേഹിക്കുന്നവർക്കിടയിലേക്ക് എത്തിക്കുന്നതിനായി പത്തോളം ഡാൻസുകൾ റെക്കോർഡ് ചെയ്ത് കലാമന്ദിർ ഡാൻസ് സ്കൂളിന്റെ യൂട്യൂബ് ചാനലിൽ അപ്‌ലോഡ് ചെയ്തു. മൂകാംബിക ദേവിയ്ക്കുള്ള നൃത്താർച്ചന, എസ് പി സാറിനുള്ള സമർപ്പണം, ശിവരാത്രി നൃത്താർച്ചന എന്നിവയെല്ലാം ഇതിൽ പ്രധാനപ്പെട്ടതാണ്.

ഗുരുവായൂർ, മൂകാംബിക, ആറ്റുകാൽ, ഉദിയന്നൂർ തുടങ്ങി നിരവധി ക്ഷേത്രങ്ങളിൽ എല്ലാ വർഷവും കലാമന്ദിർ ഡാൻസ് സ്കൂളിന്റെ നേതൃത്വത്തിൽ നൃത്തം അവതരിപ്പിക്കാറുണ്ട്. ഈ വർഷം മൂകാംബിക, ആറ്റുകാൽ, ഉദിയന്നൂർ എന്നീ പ്രധാന ക്ഷേത്രങ്ങളിൽ നൃത്തം അവതരിപ്പിക്കാൻ ഈ സ്കൂളിലെ കുട്ടികൾക്ക് അവസരം കിട്ടി.

കൂടുതൽ വേദികൾ കുട്ടികൾക്ക് നല്കുക എന്നതാണ് സിന്ധുവിന്റെ പ്രധാന ലക്ഷ്യം. സ്കൂൾ യുവജനോത്സവ വേദികളിൽ ഇവിടുത്തെ കുട്ടികൾ മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുന്നുണ്ട്.

## നൃത്തമാണ് ജീവിതം

ചെറുപ്പം മുതൽതന്നെ, സിന്ധുവിന് നൃത്തത്തോടു അതിയായ താല്പര്യമുണ്ടായിരുന്നു. അത്കൊണ്ട് തന്നെ ഒരിക്കലും കലയെ ലാഭം ഉണ്ടാക്കാൻ കഴിയുന്ന ഒരു തൊഴിലായി കണ്ടിട്ടില്ല.

നൃത്തത്തോടു ആഭിമുഖ്യമുള്ള, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികളെ സൗജന്യമായി സിന്ധു തന്റെ ഡാൻസ് സ്കൂളിൽ പഠിപ്പിക്കുന്നു. ഈ കോവിഡ് കാലത്ത് വിദേശത്തു നിന്നും നിരവധി വീട്ടമ്മമാരും കുട്ടികളും ഈ സ്കൂളിൽ ചേർന്ന് നൃത്തം പഠിക്കുന്നു.

മാതാപിതാക്കളാണ് തന്റെ ഡാൻസ് സ്കൂളിന്റെ ശക്തിയെന്ന് സിന്ധു കലാമന്ദിർ പറയുന്നു. അവരുടെ നിർലോഭമായ പിന്തുണ എല്ലാ കാലത്തും ഉണ്ട്. കുട്ടികളുടെ കുറവുകൾ മനസിലാക്കി, ഓരോ കുട്ടിയേയും പ്രത്യേകമായി ശ്രദ്ധിക്കാൻ ശ്രമിക്കാറുണ്ട്. ഈ കോവിഡ് സമയത്തും കുട്ടികളിൽ നൃത്തത്തോടുള്ള അവരുടെ താല്പര്യം കെടാതെ സൂക്ഷിക്കുന്നതിനായി വിവിധ തരം ഡാൻസ് ചലഞ്ചുകൾ കൊടുത്ത് അവരെ സജീവമാക്കി നിർത്താൻ കഴിഞ്ഞത് വലിയ ഒരു നേട്ടമാണ്. തന്റെ സ്ഥാപനത്തിൽ വീടിന്റെ ഒരു അന്തരീക്ഷം സൂക്ഷിക്കാൻ സിന്ധു എപ്പോഴും ശ്രദ്ധിക്കാറുണ്ട്.

ക്ലാസുകൾ ഇപ്പോൾ കൂടുതലും ഓൺലൈൻ വഴി നടക്കുന്നതിനാൽ, പഠിപ്പിക്കുന്നതിൽ അതിന്റേതായ വെല്ലുവിളികൾ നേരിടുന്നുവെന്ന് സിന്ധു സമ്മതിക്കുന്നു. ഏതു കലയും പഠിക്കാൻ വേണ്ടത് നൂറു ശതമാനം നൽകുവാൻ കഴിയുമെന്ന ഉറപ്പുള്ള മനസ്സാണ്. പിന്തുണയായി കൂടെ ഒരു കൂട്ടം ഉണ്ടെങ്കിൽ ഏതു കലയെയും അന്യം നിന്ന് പോവാതെ നമുക്ക് തിരിച്ചു കൊണ്ടുവരാമെന്ന് പ്രത്യാശയോടെ അവർ പറയുന്നു.

സിന്ധുവിന്റെ ഏറ്റവും വലിയ പിന്തുണയും പ്രചോദനവും പകരുന്നത് കുടുംബവും കൂട്ടുകാരുമാണ്. ഭർത്താവ് സിദ്ധാർഥ് പി.ജെ മാധ്യമ അധ്യാപകനായി ഒരു കോളേജിൽ ജോലി നോക്കുന്നു. മകൾ അഞ്ചു പ്ലസ് ടു കഴിഞ്ഞു, ഡിഗ്രിയ്ക്ക് പഠിക്കാനൊരുങ്ങുന്നു. മകൾ അഞ്ചുവും ക്ലാസ്സെടുക്കാൻ സഹായിക്കാറുണ്ട് .ഏക സഹോദരൻ സതീഷ് KSEB-ൽ ഉദ്യോഗസ്ഥൻ.

പ്രമുഖരായ നിരവധി വ്യക്തികൾ നവമാധ്യമങ്ങളിലൂടെ ഇവരുടെ പ്രയത്നത്തെ പിന്തുണയ്ക്കുന്നു. നിരവധി നല്ല സൗഹൃദങ്ങളുടെ തണലിലാണ് സിന്ധുവെന്ന കലാകാരി തന്റെ യാത്ര തുടരുന്നത്. ഇവരുടെയെല്ലാം നിർലോഭമായ സഹകരണം സദാ ഇവരുടെ കൂടെയുണ്ട്. അവരോടുള്ള സ്നേഹവും കടപ്പാടും നിത്യം ഹൃദയത്തിൽ കാത്തു സൂക്ഷിക്കണമെന്ന സിന്ധുവിന്റെ നിശ്ചയദാർഢ്യം അവരുടെ ഹൃദയനൈർമല്യത്തിന്റെ നേർക്കാഴ്ചയാണ്. ഈ കലാകാരി ഇനിയും ഉയരങ്ങൾ കീഴടക്കട്ടെ.











